# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-
കെ.ടി.എം.പി.14/1013/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 19/08/2024
ഇ-മെയിൽ:
doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി.14/1013/2024 തീയ്യതി: 19/08/2024

# കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2023 മുതൽ 11-06-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-06-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി.ആർ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 12-06-2024 | 20-06-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-06-2024 | 20-06-2024 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സജി പി ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
രാജേഷ് എം, അസി.ഓഡിറ്റ് ഓഫീസർ
ജയശ്രീ പി ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ
അഗസ്റ്റിൻ സി തേവർകുന്നേൽ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജോർജ് മാത്യു | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| റ്റിജി തോമസ് | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. പ്രെറ്റി രാജ് | മെഡിക്കൽ ഓഫീസർ , എഫ് എച്ച് സി പൂഞ്ഞാർ | 01-04-2023 | 31-03-2024 |
| ഡോ. ജോസ്സി ജോൺ | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2023 | 30-06-2023 |
| ഡോ. സാജു സാം | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-07-2023 | 31-03-2024 |
| ഡോ. സീനിയ പി കെ | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2023 | 31-08-2023 |
| ഡോ. സൗമ്യ റ്റി എ | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-09-2023 | 31-03-2024 |
| ഡോ. ബിജു കെ | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| അശ്വിനി എസ് | കൃഷി ഓഫീസർ | 01-04-2023 | 14-12-2023 |
| എബ്രഹാം സ്കറിയ | കൃഷി ഓഫീസർ | 15-12-2023 | 31-03-2024 |
| മെർലിൻ ബേബി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| അനു കുമാരൻ | ഡയറി എക്സ്റ്റ്റെൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ദീപ ജോർജ് | വി ഇ ഓ - പെരിങ്ങുളം സർക്കിൾ | 01-04-2023 | 19-10-2023 |

| | | | |
|---|---|---|---|
| ഷെറിൻ എ ജബ്ബാർ | വി ഇ ഓ - പെരിങ്ങുളം സർക്കിൾ | 20-10-2023 | 31-03-2024 |
| ഹെലൻ ക്ലീറ്റസ് | വി ഇ ഓ - തെക്കേക്കര സർക്കിൾ | 01-04-2023 | 22-06-2023 |
| ജോബി സെബാസ്റ്റിൻ | വി ഇ ഓ - തെക്കേക്കര സർക്കിൾ | 23-06-2023 | 31-03-2024 |
| റോസ്‌ലിൻ ജേക്കബ് | ഹെഡ് മിസ്ട്രസ് | 01-04-2023 | 02-06-2023 |
| ആര്യ വിജയൻ | ഹെഡ് മിസ്ട്രസ് - ഇൻ ചാർജ് | 03-06-2023 | 12-11-2023 |
| മീന ജോസഫ് | ഹെഡ് മിസ്ട്രസ് | 13-11-2023 | 31-03-2024 |
| കീർത്തി കിരൺ | അസി. എൻജിനീയർ | 01-04-2023 | 10-05-2023 |
| ദയ പുരുഷോത്തമൻ | അസി. എൻജിനീയർ | 11-05-2023 | 18-09-2023 |
| മുഹമ്മദ് എബിൻ | അസി. എൻജിനീയർ | 19-09-2023 | 31-03-2024 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2023-24 | 1-1 |
| 2 | ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല. | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-2 |
| 4 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-3 |
| 5 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-4 |
| 6 | ഡെപ്പോസിറ്റ് രജിസ്റ്റർ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല | 1-1-5 |
| 7 | അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-6 |
| 8 | മുൻക്കൂർ തുക കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല | 1-1-7 |
| 9 | ബാങ്ക് അക്കൗണ്ടുകൾ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല | 1-1-8 |
| 10 | ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രുവൽ ചെയ്യുന്നില്ല | 1-1-9 |
| 11 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നതിന്റെ വിശദാംശമില്ല | 1-1-10 |
| 12 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് മുന്നിരിപ്പ് വിശദാംശങ്ങൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഗ്രാന്റ് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം. | 1-5 |
| 17 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. | 1-6 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 20 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 22 | ഒരേ റോഡ് തന്നെ വിവിധ രീതികളിൽ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു | 1-11 |
| 23 | ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം | 1-12 |

| | | |
|---|---|---|
| 24 | ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല | 1-13 |
| 25 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല | 1-14 |
| 26 | ലൈസൻസ് ഫീസ് കുറവായി ഈടാക്കി | 1-15 |
| 27 | പഞ്ചായത്ത് ഓഫീസിന് സമീപം പെർമിറ്റ് എടുക്കാതെ അനധികൃത നിർമ്മാണം | 1-16 |
| 28 | സെല്ലാറിന് പെർമിറ്റ് ഫീസ് ഈടാക്കിയില്ല | 1-17 |
| 29 | കൃഷി ഭവൻ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ-ധനവിനിയോഗം ക്രമാനുസൃതമല്ല | 1-18 |
| 30 | ആംബുലൻസിന് ഡീസൽ വാങ്ങൽ-റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചത് ക്രമപ്രകാരമല്ല | 1-19 |
| 31 | പഞ്ചായത്തിന് ആർച്ച് നിർമ്മാണവും ഗാന്ധി പ്രതിമ സ്ഥാപിക്കലും- നിർവ്വഹണത്തിൽ അപാകത | 1-20 |
| 32 | പെരിങ്ങുളം വെള്ളാപ്പാറ റോഡ് റീടാറിംഗ് - കരാറുകാരന് അധിക തുക നല്കി | 1-21 |
| 33 | പദ്ധതി രൂപീകരണത്തിൽ അപാകത-പഞ്ചായത്തിന് ബാധ്യത | 1-22 |
| 34 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- പൊതു അപാകതകൾ | 1-23 |
| 35 | ലൈഫ് ഭവന പദ്ധതി- മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താവ് ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. | 1-24 |
| 36 | ലൈഫ് ഭവനപദ്ധതിയിൽ സ്ഥലം വാങ്ങിയ ഗുണഭോക്താവിന് ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടില്ല. | 1-25 |
| 37 | ഭവന പുനരുദ്ധാരണം -മുൻകൂർ കൈപ്പറ്റിയവർ പണി പൂർത്തിയാക്കിയിട്ടില്ല. | 1-26 |
| 38 | ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോനിട്ടറിംഗ് സിസ്റ്റം നടപ്പാക്കൽ- പൂർത്തിയാക്കിയിട്ടില്ല. | 1-27 |
| 39 | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ പദ്ധതി - മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | 1-28 |
| 40 | വിനിയോഗവിവരം ലഭ്യമല്ല | 1-29 |
| 41 | അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ടെണ്ടർ ഫീസ് സൂക്ഷിക്കുന്നത് സംബന്ധിച്ച് | 1-30 |
| 42 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ | 1-31 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

**ഭാഗം 4**

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/ സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2023-24

1. പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 14/05/2024 തീയതിയിലെ 3-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 17/05/2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും

അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

**തീയതി: 19.08.2024** ഡെപ്യൂട്ടി ഡയറക്ടർ

**1-1-1 ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല.**

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് ആരംഭിച്ച 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖയായ Opening Balance Receipt Payment (OBRP) Data സൂക്ഷിച്ചിട്ടില്ല. 2011-12 മുതൽ 2022-23 വരെ Excess Of Income Over Expenditure കണക്കാക്കിയ രേഖകളും 2023-24 ലെ അറ്റ പ്രവർത്തനമിച്ചം ക്യാരി ഓവർ ചെയ്തതിന്റെ രേഖകളും സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

**1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല**

26/07/2011-ലെ ജി.ഒ.(എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല.

**1-1-3 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2023-24 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ്, ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ പഞ്ചായത്തിൽ

സൂക്ഷിച്ചിട്ടില്ല.

**1-1-4 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 31/03/2024 ബാലൻസ് ഷീറ്റ് 350300199 ശീർഷകങ്ങളിൽ നിലനിൽക്കുന്നത് എന്തിനം ബാധ്യതയാണെന്നതിൽ വ്യക്തതയില്ല. സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ വിശദാംശങ്ങൾ കൃത്യമായി രജിസ്റ്ററിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

**1-1-5 ഡെപ്പോസിറ്റ് രജിസ്റ്റർ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല**

B7 ഷെഡ്യൂളിൽ 340200102 - Auction Deposit ഹെഡിലെ 45,510 രൂപയുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**1-1-6 അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല**

ബി 18 ഷെഡ്യൂളിലെ 460500501 - Advance To Implementing Officers എന്ന ശീർഷകത്തിൽ മുൻവർഷങ്ങളിൽ നൽകിയ 33,249/- രൂപ ക്രമീകരിക്കാതെ അവശേഷിക്കുന്നു. തുക സംബന്ധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല.

**1-1-7 മുൻകൂർ തുക കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല**

സാക്ഷരത പ്രേരകുമാർക്ക് മുൻവർഷങ്ങളിൽ നൽകിയ തുകയുൾപ്പെടെ ക്രമീകരിക്കാതെ തുടരുന്നത് Other Advances എന്ന ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. Advance To Saksharatha ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.

**1-1-8 ബാങ്ക് അക്കൗണ്ടുകൾ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല**

ഹെൽത്ത് ഗ്രാന്റ് നിക്ഷേപിക്കുന്നതിനുള്ള മൂന്ന് ബാങ്ക് അക്കൗണ്ടുകളിൽ ഒരു സീറോ ബാലൻസ് അക്കൗണ്ടും (കേരളാ ഗ്രാമീണ ബാങ്ക് അക്കൗണ്ട് നം.40668101069499) തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ജിഎസ്ടി ഉൾപ്പെടെയുള്ള ഡിഡക്ഷൻ തുകകൾ വരവ് വയ്ക്കുന്നതിനായി ആരംഭിച്ച ഹോൾഡിംഗ് അക്കൗണ്ട് എന്നിവ (SBI അക്കൗണ്ട് നം.41564646548) എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല .

**1-1-9 ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രൂവൽ ചെയ്യുന്നില്ല**

2023-24 വർഷത്തെ കണ്ടിജന്റ് ചെലവുകൾ എല്ലാം 350109999-Amount Payable To Other Creditors എന്ന ശീർഷകത്തിലേക്ക് അക്രൂവലായി അക്കൗണ്ട് ചെയ്ത ശേഷമാണ് ചെലവ് ചെയ്തിരിക്കുന്നത്. തൻവർഷം 2.60 കോടിയോളം രൂപ ടി ശീർഷകത്തിലേക്ക് അക്രൂവൽ ചെയ്യുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾക്ക് ഇനം തിരിച്ചുള്ള ബാധ്യത ശീർഷകങ്ങൾ ലഭ്യമായിരുന്നിട്ടും മേൽപറഞ്ഞ ഒരു ശീർഷകത്തിലാണ്

അക്കൗണ്ട് ചെയ്തിരിക്കുന്നത്.

## 1-1-10 ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിക്കാതെ അവശേഷിക്കുന്നതിന്റെ വിശദാംശമില്ല

31/03/2024 ബാലൻസ് ഷീറ്റ്, ബി -4 ഷെഡ്യൂൾ പ്രകാരം ബാധ്യതായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം 30,229/- രൂപയുടെ വിശദാംശം ഏ.സി.ആർ.-ൽ ലഭ്യമല്ല. മേൽതുക യഥാവിധി ചെലവഴിക്കുകയോ അല്ലാത്ത പക്ഷം തിരികെ അടവാക്കിയോ പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യത ഒഴിവാക്കേണ്ടതാണ്.

## 1-1-11 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് മുന്നിരിപ്പ് വിശദാംശങ്ങൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല

B4 ഷെഡ്യൂളിലെ വിവരങ്ങൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ ഫണ്ടുകളുടെയും മുൻബാക്കിയുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ ക്യാരി ഓവർ ചെയ്യുന്നില്ല. വിമുക്തി ഗ്രാന്റ്, സാക്ഷരതാ ഗ്രാന്റ് എന്നിവയുടെ മുൻബാക്കിയുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല

## 1-2 ബജറ്റ്

2023-24 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 24.03.2023 തീയതിയിലെ 3-(1)ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 22.01.2024 തീയതിയിലെ 5(1) തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് ,പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 38,22,002 | 38,22,002 |
| വരവ് | 15,82,51,000 | 16,42,90,400 |
| ആകെ | 16,20,73,002 | 16,81,12,402 |
| ചെലവ് | 15,74,02,800 | 16,33,81,200 |
| നീക്കിയിരുപ്പ് | 46,70,202 | 47,31,202 |

## 1-3 സാമ്പത്തിക വിശകലനം

(റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11,838,828 |
| വരവ് | 35548963 |
| ആകെ | 47,387,791 |
| ചെലവ് | 38938286 |
| നീക്കിയിരിപ്പ് | 8449505 |

**ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 99,706,843 |
| ആകെ ചെലവ് | 104,939,373 |
| പ്രവർത്തന നഷ്ടം | 5,232,530 |
| മുൻകാല അക്കൌണ്ടിംഗ് ക്രമീകരണം(Prior Period Adjustment) | 218644 |
| അറ്റ പ്രവർത്തന നഷ്ടം | 5451174 |

**ഓഡിറ്റ് സംഷിപ്തം**

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ്ജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 307229/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത്/ നീക്കിയിരിപ്പ് തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 19051000 | 19051000 | 16376463 | 2674537 | 85.96 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2136000 | 2136000 | 2115428 | 20572 | 99.03 |
| വികസനഫണ്ട് | 0 | 593000 | 593000 | 593000 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| ടി.എസ്.പി. | | | | | | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 8306650 | 8306650 | 6788487 | 1518163 | 81.72 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5001400 | 5001400 | 3173288 | 1828112 | 63.44 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 185046 | 3201751 | 3386797 | 1791648 | 1595149 | 52.90 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | 860053 | 2366000 | 3226053 | 3226053 | 0 | 100 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 2028 | 16187796 | 16189824 | 16186817 | 3007 | 99.98 |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 380245 | 974858 | 1355103 | 630323 | 724780 | 46.51 |
| ശുചിത്വമിഷൻ ഗ്രാന്റ് | 0 | 1123352 | 1123352 | 1123352 | 0 | 100 |
| ഹെൽത്ത് ഗ്രാന്റ് I | 318034 | 765601 | 1083635 | 313952 | 769683 | 28.97 |
| ഹെൽത്ത് ഗ്രാന്റ് II | 171276 | 330874 | 502150 | 168499 | 333651 | 33.55 |

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. ടി.എസ്.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 1928776/-രൂപ, 280428/-രൂപ 153447/-രൂപ വീതം കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. കുറവ് ചെയ്ത തുകകൾ ജി.ഒ. പ്രോജക്ടുകളായി സുലേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. ഗ്രാന്റ് വിനിയോഗപത്രികയുടെ വരവ് ഭാഗത്ത് ടി വരവുകൾ ഉൾപ്പെട്ടിട്ടില്ല. ടി അപാകത നിലനിൽക്കെയാണ് അനുബന്ധം 2 ആയിട്ടുള്ള സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം.

2023-24 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ച് പഞ്ചായത്ത് കമ്മറ്റിയുടെ 29.11.2022 ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 09.12.2022 തീയതിയിൽ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നു. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആസൂത്രണസമിതി യോഗം 09.12.2022 ൽ ചേർന്നു. പദ്ധതിരൂപീകരണ ഗ്രാമസഭകൾ 11.12.2022 മുതൽ 18.12.2022 വരെയുള്ള തീയതികളിൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തു. വികസനസെമിനാർ നടന്നത് 06.03.2023 ലാണ്. 02.07.2023 മുതൽ 16.07.2023 വരെയുള്ള തീയതികളിൽ ഗ്രാമസഭായോഗങ്ങൾ ചേർന്ന്

ഗുണഭോക്തൃതിരഞ്ഞെടുപ്പ് നടത്തിയിട്ടുണ്ട്. വികലാംഗ ഗ്രാമസഭ 15.12.2022 ലും ഊരുകൂട്ടം 12.12.2022 മുതൽ 15.12.2022 വരെയുള്ള തീയതികളിലും യോഗം ചേർന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. 10.03.2023ലെ 2(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ചു. ജില്ലാ ആസൂത്രണസമിതിയുടെ 29.01.2024 ലെ 83898/23/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 247 | 103511670 | 142 | 54273644 | 105 | 57.48 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 1273713 | 9 | 786700 |
| വെറ്റിനറി സർജൻ | 6 | 2170000 | 5 | 2065473 |
| മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 11 | 5026933 | 9 | 3913171 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 3 | 520000 | 1 | 400000 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 250000 | 1 | 250000 |
| വി.ഇ.ഒ | 17 | 32933099 | 14 | 14265619 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 5281000 | 9 | 3588874 |
| സെക്രട്ടറി | 36 | 11121675 | 27 | 10051214 |
| അസിസ്റ്റന്റ് എൻജിനീയർ | 142 | 41465334 | 60 | 17346953 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 6 | 2900000 | 2 | 1047504 |
| അസിസ്റ്റന്റ് സെക്രട്ടറി | 4 | 244916 | 4 | 233961 |
| ഹെഡ് മാസ്റ്റർ, ഗവ. എൽ.പി. സ്കൂൾ | 1 | 325000 | 1 | 324175 |

| | | | | |
|---|---|---|---|---|
| ആകെ | 247 | 103511670 | 142 | 54273644 |

6041384/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.

2023-24 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 6041384/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 19051000 | 16376463 | 2674537 |
| വികസന ഫണ്ട് (എസ്.സി.പി) | 2136000 | 2115428 | 20572 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 8306650 | 6788487 | 1518163 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 5001400 | 3173288 | 1828112 |
| ആകെ | | | 6041384 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 60 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

- നിക്ഷേപ പ്രവൃത്തികൾ- മുൻ വർഷങ്ങളിലേതുൾപ്പെടെ 2548362 രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.

വാർഷിക കണക്ക് B18 ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിലേതുൾപ്പടെ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 2548362/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 100000/- രൂപയുടെ വിനിയോഗ വിവരവും, ഭൂജലവകുപ്പിൽ നിക്ഷേപിച്ച 2243462/- രൂപയുടെ വിനിയോഗ വിവരവും, കെൽട്രോണിൽ നിക്ഷേപിച്ച 204900/- രൂപയുടെ വിനിയോഗ വിവരവുമാണ് ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്. നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ വിനിയോഗ വിശദാംശങ്ങളും

പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ശേഷം നിർവ്വഹണ ഏജൻസികളിൽ തുക അവശേഷിക്കുന്ന പക്ഷം അയത് തിരികെ ഈടാക്കി തുക അനുവദിച്ചുതന്ന സ്ഥാപനങ്ങളിലേക്ക് തിരികെ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2023-24 വർഷം 41 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 14 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 161 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 119 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 97 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. ആകെ ചെലവ് 156.65 ലക്ഷം രൂപ. 37414 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 240 തൊഴിലാളികൾ 207 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 156 അയൽക്കൂട്ടങ്ങളിൽ 92 എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 588 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, പടുതാകുളം നിർമ്മാണം, നഴ്സറി നിർമ്മാണം തുടങ്ങിയ പ്രവൃത്തികളും റോഡ് കോൺക്രീറ്റിംഗ്, തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം തുടങ്ങിയ ആസ്തിനിർമ്മാണ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. കാഷ് ബുക്ക് പ്രകാരമുള്ള 2023-24 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 2028 | 522356 | 524384 | 521377 | 3007 |
| ഇ.എഫ്.എം.എസ് | 0 | 15665440 | 15665440 | 15665440 | 0 |
| ആകെ | 2028 | 16187796 | 16189824 | 16186817 | 3007 |

## 1-7 ക്ഷേമ പദ്ധതികൾ

ഓഡിറ്റ് വർഷം , വിവിധ ക്ഷേമ പദ്ധതികൾക്കായി ഗ്രാമ പഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യ കാല പെൻഷൻ | 16299400 | 1517 |
| കർഷക | 2115200 | 168 |

| | | |
|---|---|---|
| തൊഴിലാളി പെൻഷൻ | | |
| വിധവ പെൻഷൻ | 6385100 | 591 |
| 50 വയസ്സിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 593800 | 59 |
| വികലാംഗ പെൻഷൻ | 2743900 | 232 |
| തൊഴിൽ രഹിത വേതനം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.06.2024 തീയതിയിൽ 3.20 പി എം-ന് ഹെഡ്ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3107/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമാണ്. ഓഡിറ്റ് വർഷം ILGMS സോഫ്റ്റ് വെയർ വഴിയാണ് സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച വിവരം |
|---|---|---|---|
| പെർഫോമൻസ് | 25/10/2022 മുതൽ | 2021-22 | റിപ്പോർട്ട് |

| | | | |
|---|---|---|---|
| ഓഡിറ്റ് | 26/10/2022 വരെ | | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01/03/2019മുതൽ 14/03/2019വരെ | 2013-14മുതൽ 2017-18വരെ | LBA(HQ)II/I/8A-211/18-19/18 ,Dated 10/04/2019 |

## 1-11 ഒരേ റോഡ് തന്നെ വിവിധ രീതികളിൽ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | റോഡിന്റെ പേര് | പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം) |
|---|---|---|---|---|
| 1 | 1/320 C | സിന്ധു പി മോഹൻ | പൂഞ്ഞാർ - അടിവാരം | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 2 | 1/321 A | വിധു വിജയൻ | | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 3 | 1/542A,B | മാത്യു തോമസ് | വെട്ടിപ്പറമ്പ് റോഡ് | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 4 | 1/550 A | ഷെറിൻ മാത്യു | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 5 | 1/559 B | ജോർജ്ജുകുട്ടി ജോസഫ് | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/18.06.24) സ്ഥല പരിശോധന

നടത്തി അപാകത പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. റോഡ് മാസ്റ്ററിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്. വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം നികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-12 ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം

പഞ്ചായത്തിലെ സഞ്ചയ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 30 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 50 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. (കെട്ടിടത്തിന്റെ വസ്തുനികുതി അസസ്സ്മെന്റ് 2023 ഏപ്രിൽ 1 ന് മുൻപായതിനാൽ പഴയ നിരക്കിലുള്ള നികുതിയാണ് ബാധകമായിട്ടുള്ളത്). വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമ | കെട്ടിട നമ്പർ/ വിസ്തീർണ്ണം (ച.മീ) | വില്ലേജ്/ സർവ്വേ നം. | നിർണ്ണയിക്കേണ്ട വസ്തു നികുതി (50 രൂപ/ ച.മി) | | | | നിർണ്ണയിച്ച വസ്തു നികുതി (വർദ്ധനവുകൾക്കും ഇളവുകൾക്കും ശേഷം) | കുറവ് ( സെസ്, സർവ്വീസ് ചാർജ്ജ് ഉൾപ്പെടുത്താതെ) |
|---|---|---|---|---|---|---|---|---|
| | | | അടിസ്ഥാന വസ്തു നികുതി (രൂപ) | വർദ്ധനവ് (വഴി സൗകര്യം -20%, വാർഷിക വർദ്ധനവ് -5%) | കുറവ് | ആകെ | | |
| വർക്കി വർക്കി വാണിയപ്പുരക്കൽ | 1/174 A,B,C, D,E,F 158 ച.മീ | പൂഞ്ഞാർ നടുഭാഗം 61/4 | 7900 | 1975 | - | 9875 | 6128 | 3747 |

വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/18.06.2024) അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പരാമർശിത കെട്ടിടത്തിന്റെയും ഇതേ പ്രകാരം തെറ്റായി വസ്തു നികുതി നിർണ്ണയിക്കപ്പെട്ട മറ്റു കെട്ടിടങ്ങളുടേയും വസ്തു നികുതി, കുടിശ്ശിക സഹിതം ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-13 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയില്ല

2023-24 വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്ന ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് പരിശോധനയിൽ കാണുന്നു. പഞ്ചായത്തിലെ സ്ഥാപനങ്ങളുടെ ലിസ്റ്റ്, ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനം | 2023-24 ൽ നികുതി ഒടുക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | നെട്സ്റ്റാർ ഗോൾഡ് ലോൺ | 2 |
| 2 | മീനച്ചിൽ റബർവുഡ് ലിമിറ്റഡ് | 1,2 |

ജീവനക്കാരുടെ തൊഴിൽ നികുതി ഗ്രാമപഞ്ചായത്തിന് അതാത് സാമ്പത്തിക വർഷത്തെ വരുമാനം ആയതിനാൽ സമയബന്ധിതമായി നികുതി വരുമാനം ഒടുക്കാതിരിക്കുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നതാണ്. തനത് നികുതി വരുമാനത്തിലുണ്ടായ കുറവിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള എൻക്വയറിക്ക് (നം. 2/15.06.2024) മറുപടിയായി മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാത്ത സ്ഥാപനങ്ങളിലെ തൊഴിലുടമകൾക്ക് നോട്ടീസ് നൽകി തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ് .

## 1-14 സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ 2023-24 സാമ്പത്തിക വർഷം പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള നെസ്റ്റ്സ്റ്റാർ ഗോൾഡ് ലോൺ എന്ന ധനകാര്യ സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. മേൽ സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് ഓഡിറ്റിന് വിശദീകരണം

ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.08/18.06.2024) സ്ഥാപന തൊഴിൽനികുതി ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. സ്ഥാപന തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 ലൈസൻസ് ഫീസ് കുറവായി ഈടാക്കി

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31-10-17ലെ ജി.ഒ.(പി)നം.80/2017 പ്രകാരം ഡി & ഒ ലൈസൻസ് ചട്ടം ഭേദഗതി ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ വ്യാപാര സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിന് മൈക്രോ, മിനി, സ്മോൾ, മീഡിയം എന്റർപ്രൈസസ് വിഭാഗങ്ങളിൽ വരുന്ന സേവനങ്ങൾക്കും ഉല്പാദനങ്ങൾക്കും താഴെ പറയും പ്രകാരം ലൈസൻസ് ഫീസ് ഈടാക്കാവുന്നതാണ്. ഫീസ് നിശ്ചയിക്കുന്നത് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ്.

ഉൽപാദന മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ 25 ലക്ഷം രൂപ വരെയുള്ളതിന് 500 രൂപയും 25 ലക്ഷം രൂപയിൽ കൂടുതലും ഒരു കോടി രൂപയിൽ അധികാരിക്കാത്തതുമായ സ്ഥാപനങ്ങൾക്ക് ആയിരം രൂപയും ഒരു കോടി രൂപയിൽ കൂടുതലും അഞ്ചു കോടി രൂപയിൽ അധികരിക്കാത്തതുമായ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് 5000 രൂപയുമാണ് ഈടാക്കാവുന്ന വാർഷിക ലൈസൻസ് ഫീസ്. സേവന മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ 10 ലക്ഷം രൂപ വരെയുള്ളതിന് 500 രൂപയും 10 ലക്ഷം രൂപയിൽ കൂടുതലും 50 ലക്ഷം രൂപയിൽ അധികരിക്കാത്തതുമായ സ്ഥാപനങ്ങൾക്ക് 1000 രൂപയും 50 ലക്ഷം രൂപയിൽ കൂടുതലും രണ്ട് കോടി രൂപയിൽ അധികരിക്കാത്തതുമായ മൂലധനനിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് 5000 രൂപയും ലൈസൻസ് ഫീസായി ഈടാക്കാവുന്നതാണ്. എന്നാൽ പട്ടികയിൽ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ആയി 23-24 വർഷം കുറഞ്ഞ തുക ഈടാക്കിയതായി കാണുന്നു.

| ക്രമ നം. | സ്ഥാപനം / ഉപയോഗത്തിന്റെ തരം | ഉടമ | കെട്ടിട നം. | മൂലധന നിക്ഷേപം | മേഖല | ഈടാക്കിയ ലൈസൻസ് ഫീസ് | ഈടാക്കാവുന്ന ലൈസൻസ് ഫീസ് |
|---|---|---|---|---|---|---|---|
| 1 | നവ ദൃഷ്ടി ഐ ഹോസ്പിറ്റൽ | ഷാരോൺ ജേക്കബ് കുട്ടിയാനിയിൽ | 1/140 G,H,I,J | 19.13ലക്ഷം (പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുമുള്ള സർട്ടിഫിക്കറ്റ് പ്രകാരം ) | സേവന മേഖല | 500 | 1000 |
| 2 | കൃഷ്ണകൃപ ജ്വവലറി | ഷാരൻ വി പ്രധാൻ | 1/421E | 75 ലക്ഷം (അപേക്ഷകയുടെ സത്യവാങ്മൂലം പ്രകാരം) | സേവന മേഖല | 1000 | 5000 |

ഇത് സംബന്ധിച്ച് എൻക്വയറി (നം. 07/18.06.2024) നല്കിയതിനെത്തുടർന്ന് ലൈസൻസ്

ഫീസിൽ കുറവ് വന്ന തുക ക്രമ നം. 1 സ്ഥാപനം 500 രൂപയും (രസീത് നം.1240100342/19.06.2024) ക്രമ നം. 2 സ്ഥാപനം 4000 രൂപയും (രസീത് നം.1240100338/19.06.2024) അടവാക്കി.


## 1-16 പഞ്ചായത്ത് ഓഫീസിന് സമീപം പെർമിറ്റ് എടുക്കാതെ അനധികൃത നിർമ്മാണം

മീനച്ചിൽ താലൂക്ക്, പൂഞ്ഞാർ നടുഭാഗം വില്ലേജ് , ബ്ലോക്ക് നമ്പർ 64 - ൽ റീസർവേ നമ്പർ 62/1, 62/2 ലുള്ള 465 ച.മീ. വസ്തുവിൽ ശ്രീമതി മേഘ്ന പ്രകാശൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള രണ്ട് നില കെട്ടിടത്തോട് കൂട്ടിച്ചേർത്ത് ഒരു നില കൂടി (സ്റ്റെയർ റൂം ഉൾപ്പടെ) പണിയുന്നതിനായി 25.01.2024-ലെ SC2/235/2024 നമ്പർ പ്രകാരം അപേക്ഷയും അനുബന്ധ രേഖകളും സമർപ്പിച്ചിരുന്നു. അപേക്ഷക സമർപ്പിച്ച ഡ്രോയിങ്ങിന്റെ അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തിയ സാങ്കേതിക വിഭാഗം അസി. എൻജിനീയർ സമർപ്പിച്ച റിപ്പോർട്ട് പരിഗണിച്ച് സെക്രട്ടറി അപേക്ഷ നിരസിക്കുകയും 07.02.2024 ലെ 400496/BPRL01 /GPO/2024/235/(1) നമ്പർ കത്ത് പ്രകാരം ടി വിവരം അപേക്ഷകയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നുള്ള അനുമതി കൂടാതെ കെട്ടിടം നിർമ്മിക്കുകയോ, കൂട്ടിച്ചേർക്കുകയോ ചെയ്യുവാൻ പാടില്ല. പഞ്ചായത്ത് കെട്ടിടത്തിന്റെ സമീപത്തായി സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ സെക്കൻഡ് ഫ്ലോറിൽ പെർമിറ്റില്ലാതെ അനധികൃത നിർമ്മാണം നടന്നുവരികയാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 91 പ്രകാരം പഞ്ചായത്ത് സെക്രട്ടറിക്ക് അദ്ദേഹത്തിന്റെ അധികാര പരിധിയിലുള്ള ഏതൊരു നിർമ്മാണവും ഏത് ഘട്ടത്തിലും പരിശോധിക്കുവാനും ചട്ടലംഘനങ്ങൾ കണ്ടെത്തിയാൽ ഒരു ഉത്തരവ് പ്രകാരം ആയവ ഉടൻതന്നെ നിർത്തിവയ്ക്കുവാൻ ആവശ്യപ്പെടാവുന്നതുമാണ്. എന്നാൽ മേൽ നിർമ്മാണം പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുകയോ സ്റ്റോപ്പ് മെമ്മോ നൽകുകയോ ചെയ്തിട്ടില്ല.

2. പെർമിറ്റിനായി സമർപ്പിച്ച പ്ലാനിൽ സെറ്റ് ബാക്ക് കാണിച്ചിരിക്കുന്ന ഭാഗങ്ങൾ ഷീറ്റ് ഉപയോഗിച്ച് മറച്ചിട്ടുള്ളതായും 2 സൈഡ് യാർഡുകളും അടച്ചെടുത്ത് മുറികളായി ഉപയോഗിക്കുന്നതായുമാണ് സ്ഥല പരിശോധന നടത്തിയ സാങ്കേതിക വിഭാഗം അസി. എൻജിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പെർമിറ്റിനായി സമർപ്പിച്ചിട്ടുള്ള പ്ലാനിൽ കെട്ടിടത്തിന്റെ ഇടതുവശത്ത് 1.5 മീറ്ററും വലതുവശത്ത് 2 മീറ്ററുമാണ് സെറ്റ്ബാക്ക് കാണിച്ചിട്ടുള്ളത്. നിലവിൽ രണ്ട് വശത്തും സെറ്റ്ബാക്ക് ലഭ്യമല്ല. മേൽ നിർമ്മാണം അനധികൃതമായതിനാൽ റെഗുലറൈസ് ചെയ്തതിനുശേഷമേ തുടർ നിർമ്മാണത്തിനുള്ള പെർമിറ്റ് അനുവദിക്കുവാനാവുകയുള്ളൂ. പെർമിറ്റിനായുള്ള അപേക്ഷ നിരസിച്ചുകൊണ്ട് സെക്രട്ടറി നൽകിയ കത്തിൽ ടി അനധികൃത നിർമ്മാണം റെഗുലറൈസ് ചെയ്യുവാനുള്ള നിർദ്ദേശം നൽകിയിട്ടില്ല. ,




3. KPBR ചട്ടങ്ങൾ പാലിക്കുന്നുണ്ടെങ്കിൽ മാത്രമേ അനധികൃത കൂട്ടിച്ചേർക്കൽ ക്രമവൽക്കരിക്കുവാൻ സാധിക്കുകയുള്ളൂ. അല്ലാതെയുള്ള അനധികൃത നിർമ്മിതികൾ നീക്കം ചെയ്യേണ്ടതാണ്. 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം ക്രമവൽക്കരിക്കുകയോ പൊളിച്ചുമാറ്റുകയോ മാറ്റം വരുത്തുകയോ ചെയ്യേണ്ട ഭാഗങ്ങളുണ്ടെങ്കിൽ അപ്രകാരം ചെയ്യുന്നതുവരെ ആ ഭാഗങ്ങൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 235 എ എ വകുപ്പ് പ്രകാരം പ്രസ്തുത കെട്ടിട ഭാഗം നിയമാനുസൃതമായിരുന്നെങ്കിൽ ചുമത്തേണ്ടിയിരുന്ന നികുതിയും അതിന്റെ രണ്ടിരട്ടിയും ചേർന്ന തുക കെട്ടിടം നിർമ്മിച്ച തീയതി മുതൽ വസ്തുനികുതിയായി നിശ്ചയിച്ച് ഈടാക്കേണ്ടതായിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല . മേൽപ്പറഞ്ഞ നിർമ്മാണങ്ങൾക്ക് നികുതി ഈടാക്കിയാലും അനധികൃത നിർമ്മാണം മൂലം നിലവിലുള്ള കെട്ടിടത്തിന്റെ സെറ്റ് ബാക്ക് ഇല്ലാതായതിനാൽ ആയത് ക്രമവൽക്കരിക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ KPR ആക്ട്, വകുപ്പ് 235 ഡബ്ലിയു പ്രകാരം ടി ഭാഗം പൊളിച്ചു നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു.

4. <u>കെട്ടിടത്തിന് ആവശ്യമായ പാർക്കിംഗ് സൗകര്യമില്ല</u>

പെർമിറ്റിനായി സമർപ്പിച്ച പ്ലാൻ പ്രകാരം കെട്ടിടത്തിന് 721.33 ച.മീ. തറവിസ്തീർണ്ണമാണുള്ളത്. അതിൻപ്രകാരം ആവശ്യമായ പാർക്കിങ് ഏരിയ ചുവടെ ചേർക്കുന്നു.

എ) പ്ലാൻ പ്രകാരം കെട്ടിടത്തിലുള്ള അപ്പാർട്ട്മെന്റുകളുടെ എണ്ണം = 4

ആവശ്യമായ കാർ പാർക്കിങ് = 2 എണ്ണം

ബി) വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന കെട്ടിട ഭാഗത്തിന്റെ ആകെ തറ വിസ്തീർണ്ണം = 210.40 + 248.84

= 459.24 M2

ആവശ്യമായ കാർ പാർക്കിങ് = 459.24 / 90

= 6 എണ്ണം

കെട്ടിടത്തിന് ആവശ്യമായ കാർ പാർക്കിങ്ങുകളുടെ ആകെ എണ്ണം = 6+2 = 8

കെട്ടിടത്തിന്റെ 3-ാം നിലയിൽ (സെക്കൻഡ് ഫ്ലോർ) നടന്നുവരുന്ന അനധികൃത നിർമ്മാണം കൂടി പരിഗണിക്കുമ്പോൾ നിലവിൽ 8 കാറുകൾക്കുള്ള പാർക്കിങ് സൗകര്യമാണ് വേണ്ടത്. എന്നാൽ പെർമിറ്റിനായി സമർപ്പിച്ച പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്ന പ്ലോട്ടിൽ 5

കാറുകൾക്കുള്ള പാർക്കിങ് ഏരിയ മാത്രമാണ് കാണിച്ചിട്ടുള്ളത്. ബാക്കി 3 കാറുകൾക്കുള്ള പാർക്കിങ് ഏരിയ കെട്ടിടം സ്ഥിതി ചെയ്യുന്ന പ്ലോട്ടുമായി ചേർന്നല്ലാതെ സ്ഥിതി ചെയ്യുന്ന ടിയാളുടെ തന്നെ മറ്റൊരു പുരയിടത്തിലാണ് കാണിച്ചിരിക്കുന്നത്. KPBR 2019, ചട്ടം 29 പ്രകാരം കാറുകൾക്കുള്ള ഓരോ പാർക്കിങ് സ്ഥലത്തിന്റെയും അളവ് 5.5 M X 2.7 M ൽ കുറയുവാൻ പാടില്ല. സാങ്കേതിക വിഭാഗം അസി. എൻജിനീയറുടെ 02.02.2024 ലെ സ്ഥല പരിശോധന റിപ്പോർട്ട് പ്രകാരം തറ നിരപ്പ് നിലയിലേക്ക് പ്രവേശിക്കുവാനായി പടികൾ നിർമ്മിച്ചിരിക്കുന്നതിനാൽ പാർക്കിങ് ഏരിയയ്ക്ക് ആവശ്യമായ 5.5 M നീളം ലഭ്യമല്ല. നിലവിലെ സാഹചര്യത്തിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന പ്ലോട്ടിൽ 3 കാർ പാർക്കിങ്ങിനുള്ള സ്ഥലം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

5. <u>മറ്റ് അപാകതകൾ</u>

എ) നിലവിലുള്ള കെട്ടിടത്തിന്റെ ഇരുവശങ്ങളിലുമുള്ള തള്ളിനീക്കലുകൾ (ഉദാ. വെതർ ഷേഡ്) ഡ്രോയിങ്ങിൽ കാണിച്ചിട്ടില്ല. ഷെയ്ഡിന് നൽകിയിരിക്കുന്ന വീതി ലഭ്യമായെങ്കിൽ മാത്രമേ KPBR ചട്ടം 26.10 പ്രകാരം സെറ്റ് ബാക്ക് എത്ര വീതിയിൽ വേണമെന്ന് നിർണയിക്കുവാൻ സാധിക്കുകയുള്ളൂ. നിലവിലുള്ള കെട്ടിടത്തിന്റെ വശങ്ങളിലേക്കുള്ള തള്ളിനീക്കലുകളുടെ വീതി രേഖപ്പെടുത്താതെ സെറ്റ് ബാക്കിന്റെ വീതി മാത്രം നൽകിയാണ് പെർമിറ്റിനായി ഡ്രോയിങ് ലഭ്യമാക്കിയത്.

ബി) ഡ്രോയിങ്ങിൽ ടു വീലർ പാർക്കിങ് ലഭ്യമാക്കിയിരിക്കുന്നത് കെട്ടിടത്തിന്റെ വലതുഭാഗത്താണ്. ടി ഭാഗം കടമുറിയാക്കി മാറ്റിയിരിക്കുന്നതിനാൽ KPBR 2019 ചട്ടം 29.5 പ്രകാരം ലഭ്യമാക്കേണ്ട ടു വീലർ പാർക്കിങ് സ്ഥലം ലഭ്യമല്ല .

സി) KPBR ചട്ടം 34 പ്രകാരം കെട്ടിടത്തിന് ആവശ്യമായ ശുചീകരണ സംവിധാനങ്ങൾക്കുള്ള സൗകര്യം പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല .

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിലുള്ള സ്ഥലങ്ങളിൽ നിർമ്മിക്കുന്ന വാണിജ്യമോ വാസഗൃഹമോ തുടങ്ങി എപ്രകാരമുള്ള കെട്ടിടങ്ങളുടേതായാലും അവയ്ക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി ഒഴിച്ചിടേണ്ട തുറസ്സായ സ്ഥലം മുൻകൂർ അനുമതിയില്ലാതെ അനധികൃതമായി കെട്ടിയടച്ച് ഷെഡോ, മറ്റ് നിർമ്മാണങ്ങളോ നടത്തുന്നത് തദ്ദേശസ്ഥാപന സെക്രട്ടറിമാർ കർശനമായി വീക്ഷിക്കേണ്ടതാണെന്നും അത്തരം നിർമ്മാണങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്നും 20.06.2022-ലെ ആർ.ബി.3/178/2020-തസ്വഭവ നമ്പർ സർക്കുലറിലൂടെ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഒക്യുപ്പൻസി അനുവദിച്ചതിന് ശേഷമുള്ള അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനായാണ് കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി

ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശം ഗൗരവത്തിലെടുത്തുള്ള യാതൊരു നടപടികളും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (01/15.06.2024) മറുപടിയായി അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച് നിയമാനുസൃത തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ഭൗതിക പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധ ടി വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-17 സെല്ലാറിന് പെർമിറ്റ് ഫീസ് ഈടാക്കിയില്ല

പൂഞ്ഞാർ തെക്കേക്കര വില്ലേജിൽ സർവേ നമ്പർ 29/1 ലുള്ള 2.10 ആർ വിസ്തീർണ്ണമുള്ള പ്ലോട്ടിൽ 331.65 ച.മീ. വിസ്തീർണമുള്ള 3 നില വാണിജ്യ - സ്പെഷ്യൽ റെസിഡൻഷ്യൽ കെട്ടിടം പണിയുന്നതിനായി സ്ഥല ഉടമയായ ശ്രീ. അഭിലാഷ് കെ മാത്യു, കണ്ണമുണ്ടയിൽ, പൂഞ്ഞാർ എന്നയാൾക്ക് 06.07.2023 ൽ A2-BA(234932)/2023 നമ്പറായി കെട്ടിട നിർമ്മാണ അനുമതി നൽകിയിരുന്നു. കംപ്ലീഷൻ പ്ലാൻ പരിശോധിച്ചപ്പോൾ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിന് താഴെയായി സെല്ലാർ (BUILT-UP AREA -113.83 M2) ഉള്ളതായി കാണുന്നു. കൂടാതെ സൈറ്റ് വെരിഫിക്കേഷൻ നടത്തിയ LSGD, അസി. എൻജിനീയറുടെ റിപ്പോർട്ടിലും സെല്ലാർ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും നൽകിയ ബിൽഡിങ് പെർമിറ്റ് സർട്ടിഫിക്കറ്റിൽ സെല്ലാറിന്റെ ബിൽറ്റപ്പ് ഏരിയ 3.28 M2 ആയി രേഖപ്പെടുത്തിയാണ് പെർമിറ്റ് നൽകിയിട്ടുള്ളത്. കംപ്ലീഷൻ പ്ലാനിൽ സെല്ലാർ പാർക്കിങ് ഏരിയ ആയാണ് കാണിച്ചിരിക്കുന്നത്. സെല്ലാർ ഫ്ലോറിൽ പാർക്കിങ്ങിനായി നീക്കിവച്ചിട്ടുള്ള 110.55 M2 വിസ്തീർണ്ണമുള്ള ഭാഗം ഒഴിവാക്കിയാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 8, ചട്ടം 67 പ്രകാരം പെർമിറ്റ് എടുക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിട ഭാഗങ്ങളുടെ ലിസ്റ്റിൽ സെല്ലാർ പാർക്കിങ് ഏരിയ ഉൾപ്പെട്ടിട്ടില്ല.

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (19/19.06.2024) മറുപടിയായി സെല്ലാറിന് പെർമിറ്റ് ഫീസ് ഈടാക്കുന്നതാണെന്ന് അറിയിച്ചു. ഭൗതിക പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-18 കൃഷി ഭവൻ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ-ധനവിനിയോഗം ക്രമാനുസൃതമല്ല

കൃഷിഭവന് അടിസ്ഥാന സൗകര്യ വികസനം എന്ന പേരിൽ 205/22, 224/23 നമ്പരായി റോഡിതരമെയിന്റനൻസ് ഗ്രാന്റിൽ നിന്നും 8 ലക്ഷം (5+3) വകയിരുത്തി പ്രോജക്ട് രൂപീകരിക്കുകയും നിർവ്വഹണഉദ്യോഗസ്ഥനായി അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ബിനു ജോർജ് എന്ന കരാറുകാരൻ 2-3-2023 ൽ 55/AE/LSGD/2022-23 നമ്പരായി കരാർ വച്ച് പ്രോജക്ട് ഏറ്റെടുക്കുകയും , പ്രവൃത്തിക്കായി 2022-23 വർഷം 5 ലക്ഷം രൂപയും , 2023-24 വർഷം 297013/- രൂപയും (ബിൽ നം /തീ

9/20-06-2023) ഉൾപ്പെടെ 797013/ രൂപ റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

4-3-2023 ൽ സെലക്ഷൻ നോട്ടീസ് ലഭിച്ച കരാറുകാരൻ 5-6-2023 ൽ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. 2022-23 ൽ ആരംഭിച്ച പ്രവൃത്തിക്ക് 27-03-2023 ൽ പാർട്ട് ബിൽ തയ്യാറാക്കി 5 ലക്ഷം രൂപ പിൻവലിക്കുകയും നികുതികൾ കിഴിച്ച് 467579/- രൂപ കരാറുകാരന് നല്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ ആദ്യ പാർട്ട് ബിൽ പരിശോധിച്ചതിൽ 52882.77 രൂപയുടെ മൂല്യമുള്ള പ്രവൃത്തി നടന്നപ്പോൾ 445869.82 രൂപ സെക്വർഡ് അഡ്വാൻസ് ഉൾപ്പെടെ കണക്കാക്കി 5 ലക്ഷം രൂപ പിൻവലിച്ച് കരാറുകാരന് നല്കിയതായി കാണുന്നു. നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരവും ,കരാർ വ്യവസ്ഥകൾ പ്രകാരവും കരാറുകാരന് മുൻകൂർ അനുവദിക്കാൻ കഴിയില്ല എന്നിരിക്കെ 2022-23 വർഷം പ്രസ്തുത പ്രവൃത്തിക്കായി 445869.82 രൂപ പിൻവലിച്ചത് നിയമാനുസൃതമല്ല. പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം പ്രവൃത്തി പൂർത്തിയായത് 5-6-2023 തീയതിയിലാണ്. 2022-23 വർഷം പിൻവലിച്ച 445869.82 രൂപ ഈ തീയതിയിൽ മാത്രമേ പിൻവലിക്കാൻ കഴിയൂ എന്നതിനാൽ 27-3-2023 മുതൽ 5-6-2023 വരെയുള്ള കാലയളവിൽ മുൻകൂർ പിൻവലിച്ച 445869.82 രൂപക്ക് 18% പലിശ കണക്കാക്കി ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്ത് കെട്ടിടത്തിന് മുകളിലായി പുതിയ മുറി നിർമ്മാണം ആണ് നടന്നിട്ടുള്ളത്. പ്രവൃത്തിയുടെ ബില്ല് പരിശോധിച്ചതിൽ എക്സ്ട്രാ ഇനം 1 ആയി ചെയ്തിട്ടുള്ളത് 130.941 ച മീ ACP പാനലിംഗ് ആണ് എന്നും ഇതിന് ച മീ 4540.16+ ജി എസ് റ്റി ആയി 701501 രൂപ ചെലവഴിച്ചതായും കാണുന്നു. പ്രാദേശിക പരിശോധന നടത്തിയതിൽ 9.66x6.06 ഏരിയ ഉള്ള മുറിയുടെ ഭിത്തി നിർമ്മിച്ചിരിക്കുന്നത് അലുമിനിയം ഫ്രെയിമിന് ഇരുവശവും 3mm കനമുള്ള ACP പാനൽ ഉപയോഗിച്ചാണെന്നും കാണുന്നു. സാധാരണ ഗതിയിൽ വാണിജ്യ സ്ഥാപനങ്ങളുടെയും ഓഫീസുകളുടെയും മുൻവശം മോടിപിടിപ്പിക്കുന്നതിനാണ് വളരെ ചെലവേറിയ ACP പാനലിംഗ് ഉപയോഗിക്കുന്നത്. ഈ പ്രവൃത്തി ഭിത്തി നിർമ്മാണത്തിന് ഉപയോഗിക്കാറില്ല. ഭിത്തി നിർമ്മാണത്തിന് ചെലവ് കുറഞ്ഞ മാർഗ്ഗങ്ങൾ ഉണ്ടായിരിക്കെ ഇത്തരത്തിലുള്ള നിർമ്മാണ രീതി തെരഞ്ഞെടുത്തപ്പോൾ സാമ്പത്തിക മിതത്വം പാലിച്ചില്ല എന്ന് കാണുന്നു

പഞ്ചായത്തിന്റെ തനത് ആസ്തികളിൽ അറ്റകുറ്റപ്പണി നടത്തുന്നതിന് റോഡിതരമെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്നതിനോ പുതിയ നിർമ്മാണം നടത്തുന്നതിനോ അനുമതി ഇല്ലെന്നിരിക്കെ കൈമാറികിട്ടിയ കൃഷി ഓഫീസിന് മെയിന്റനൻസ് എന്നപേരിൽ പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങുകയും പഞ്ചായത്ത് കെട്ടിടത്തിൽ 797013/-രൂപ ചെലവഴിച്ച് (കുടുംബശ്രീക്ക് വേണ്ടി) പുതിയ നിർമ്മാണം നടത്തുകയുമാണ് ചെയ്തിട്ടുള്ളത് എന്ന് പ്രാദേശികപരിശോധനയിൽ ബോധ്യപ്പെട്ടു. മാർഗ്ഗരേഖക്ക് വിരുദ്ധമായി ചെലവഴിച്ച 797013/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രസ്തുത കണക്കുകളിൽ വിശദീകരണം തേടി 6/18.06.2024 നമ്പരായി നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ആയ അസി. എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-19 ആംബുലൻസിന് ഡീസൽ വാങ്ങൽ-റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചത് ക്രമപ്രകാരമല്ല

പൂഞ്ഞാർ തെക്കേക്കര കുടുംബാരോഗ്യകേന്ദ്രത്തിലെ ആംബുലൻസിന് ഡീസൽ വാങ്ങുന്നതിനായി ഓഡിറ്റ് വർഷം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 115069/- രൂപ (വിവിധ ബില്ലുകൾ പ്രകാരം) ചെലവഴിച്ചിട്ടുണ്ട്. സ ഉ (കൈ) നം 90/2023 തീ 09-04-2023 , മെയിന്റനൻസ് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരം HMC വാങ്ങിയതോ വിവിധ സ്കീമുകൾ പ്രകാരം വാങ്ങി ഏൽപ്പിക്കപ്പെട്ടതോ ആയ വാഹനങ്ങളുടെ ഇന്ധനച്ചെലവ് HMC വഹിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഇന്ധനച്ചെലവിന് റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 115069/- രൂപ ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/18.06.2024) നല്കിയ മറുപടിയിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കാണ് വാഹനം ഓടുന്നതെന്ന് അറിയിച്ചു . ഈ സാഹചര്യത്തിൽ പാലിയേറ്റീവ് പരിചരണത്തിന് തയ്യാറാക്കുന്ന പ്രോജക്ടിൽ നിന്നും പ്രസ്തുത ചെലവ് നടത്തേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-20 പഞ്ചായത്തിന് ആർച്ച് നിർമ്മാണവും ഗാന്ധി പ്രതിമ സ്ഥാപിക്കലും-നിർവ്വഹണത്തിൽ അപാകത

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പഞ്ചായത്തിന് ആർച്ച് നിർമ്മാണവും ഗാന്ധി പ്രതിമ സ്ഥാപിക്കലും എന്ന (184/23 നമ്പർ) പ്രോജക്ടിന് ഓഡിറ്റ് വർഷം വികസന ഫണ്ടിൽ (പൊതുവിഭാഗം) നിന്നും 4 ലക്ഷം വകയിരുത്തുകയും 327809/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പൂർത്തിയായിട്ടില്ലാത്ത പ്രവൃത്തിക്ക് കരാറുകാരന് പാർട്ട് ബില്ല് നല്കിയപ്പോൾ അധിക തുക പിൻവലിച്ചിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| വിശദാംശങ്ങൾ | Ist& Part | II Nd & Part | Total |
|---|---|---|---|
| വേലമൂല്യം | 19577.00 | 213626.00 | 233203.00 |
| 9.9% ടെണ്ടർ എക്സസ് | 1938.00 | 21148.00 | 23086.00 |
| ജി എസ് റ്റി | 3873.00 | 42259.00 | 46132.00 |
| ആകെ പിൻവലിക്കാവുന്നത് | 25388/- | 277033/- | 302421/- |

മേൽ പ്രോജക്ടിന് ആകെ 302421/- രൂപ വികസനഫണ്ടിൽ നിന്നും പിൻവലിക്കാമെന്നിരിക്കെ തൻ വർഷം ബിൽ നം 14/12-6-23 പ്രകാരം 25388/- രൂപയും ബിൽ നം 16/12-6-23 പ്രകാരം 302421/- രൂപയും ഉൾപ്പെടെ 327809/- രൂപ പിൻവലിച്ചിട്ടുണ്ട്. അധികം പിൻവലിച്ച തുകയ്ക്ക് പിൻവലിച്ച തീയതി മുതൽ നാളിതുവരെയുള്ള പലിശ (18% നിരക്കിൽ) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും ഫൈനൽബില്ലിൽ ക്രമീകരിക്കേണ്ടതുമാണ്.

ഈ പ്രോജക്ടിന്റെ ഇനം 10 ആയി ചെയ്തിട്ടുള്ളത് 10.20 ച മീ ACP പാനലിംഗ് ആണ്. ഇതിന്

Rs 5104.85/m2 പ്രകാരം 71059.51 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതേ കരാറുകാരൻ ചെയ്ത കൃഷിഭവൻ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ എന്ന പ്രോജക്ടിന് ഇതേ പ്രവൃത്തി 4540.16/m2 നിരക്കിൽ ഒബ്സേർവ്ഡ് ഡാറ്റാ പ്രകാരം ചെയ്തിട്ടുണ്ട്. ACP പാനലിന്റെ കനം 4mmൽ നിന്നും 3mmആക്കിയതിനാലാണ് ഒബ്സേർവ്ഡ് ഡാറ്റാ തയ്യാറാക്കിയത്. ഈ രണ്ട് പ്രവൃത്തികളും യഥാർത്ഥത്തിൽ പഞ്ചായത്ത് കെട്ടിടത്തിൽ ഓരേകാലയളവിൽ ഒരേ കരാറുകാരൻ ചെയ്ത പ്രവൃത്തികളാണ്. ആയതിനാൽ ഒബ്സേർവ്ഡ് ഡാറ്റാ പ്രകാരമുള്ള നിരക്കായ 4540.16/m2 മാത്രമേ അംഗീകരിക്കാൻ കഴിയൂ. അധികം ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു.

| വിശദാംശം | നല്കാവുന്ന നിരക്ക് @4540.16/m2 | നല്കിയ നിരക്ക് 5104.85/m2 |
|---|---|---|
| ACP പാനൽ 10.2 ച മീ | 46309.63 | 52069.47 |
| ടെണ്ടർ വ്യതിയാനം 9.9%+ | 4584.65 | 5154.87 |
| ആക | 50894.28 | 57224.34 |
| ജി എസ് റ്റി 18% | 9160.97 | 10300.38 |
| ആകെ | 60055.25 | 67524.72 |

അധികം ചെലവഴിച്ച 7470/- രൂപ (പൂർണ്ണസംഖ്യയിൽ) ഫൈനൽ ബില്ലിൽ ക്രമീകരിക്കേണ്ടതാണ്. അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 16/18.06.2024) മറുപടി ലഭ്യമാക്കിയില്ല.

## 1-21 പെരിങ്ങുളം വെള്ളാപ്പാറ റോഡ് റീടാറിംഗ് - കരാറുകാരന് അധിക തുക നല്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പെരിങ്ങുളം വെള്ളാപ്പാറ റോഡ് റീടാറിംഗ് എന്ന പ്രോജക്ടിന് റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 3 ലക്ഷം രൂപ വകയിരുത്തുകയും ട്രഷറിയിൽ നിന്നും അതേ തുക തന്നെ പിൻവലിക്കുകയും ചെയ്തിട്ടുണ്ട് (ബിൽ നം 12/27-6-23). പ്രോജക്ടിന്റെ ഫൈനൽ ബിൽ പ്രകാരം ആകെ പിൻവലിക്കാവുന്ന തുക 298933/- രൂപ മാത്രമാണ്. അധികമായി 1067/- രൂപ പിൻവലിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. അധികം നല്കിയ 1067/- രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്.

## 1-22 പദ്ധതി രൂപീകരണത്തിൽ അപാകത-പഞ്ചായത്തിന് ബാധ്യത

പൊതുമരാമത്ത് പ്രവൃത്തികളുടെ അടിസ്ഥാനം മതിയായ ഫണ്ട് ലഭ്യത ഉറപ്പാക്കി പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കുക എന്നുള്ളതാണ്. പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിൽ 2023-24 വർഷം മതിയായ ഫണ്ട് ഇല്ലാതെ പ്രോജക്ടുകൾ ഏറ്റെടുക്കുകയും തുടർ വർഷങ്ങളിൽ

കരാറുകാരന്റെ തുക നല്കാനായി മാത്രം പുതിയ പ്രോജക്ടുകൾ തയ്യാറാക്കുകയും ചെയ്യുന്നുണ്ട്. പ്രവൃത്തി ആരംഭിച്ച് 10 ദിവസത്തിനുള്ളിൽ പൂർത്തീകരിച്ച പ്രവൃത്തികൾ പോലും ബഹുവർഷപ്രോജക്ടുകളാക്കി തുക നല്കാൻ 3 വർഷം വരെ എടുക്കുന്നുണ്ട്. വലിയ അടങ്കലുള്ള പ്രോജക്ടുകൾക്ക് മതിയായ ഫണ്ട് ലഭ്യമല്ലാതെ വരുന്ന സാഹചര്യങ്ങളിൽ പൂർണ്ണതോതിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഓരോവർഷവും ചെയ്യുന്ന പ്രവൃത്തികൾക്ക് പാർട്ട് ബില്ലുകൾ നല്കി പദ്ധതിക്കാലയളവിൽ നിർമ്മാണം പൂർത്തിയാക്കുന്നതാണ് ബഹുവർഷ പ്രോജക്ടുകൾ. എന്നാൽ പഞ്ചായത്തിൽ ഏറ്റെടുത്ത ബഹുവർഷ പ്രോജക്ടുകളിൽ പലതും നിർമ്മാണം പൂർത്തിയായതും തുക നല്കാൻ മാത്രം അവശേഷിക്കുന്നവയുമാണ്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രനം | പ്രോജക്ട്/നമ്പർ | ഫൈനൽ ബിൽ പ്രകാരം കൊടുക്കാനുള്ള തുക | 23-24 ൽ നല്കിയ തുക | ബാക്കി നല്കാനുള്ളത് |
|---|---|---|---|---|
| 1 | പള്ളിക്കുന്നു ടെമ്പിൾ റോഡ് കോൺക്രീറ്റിംഗ് 124/24 (വികസനഫണ്ട്) | 328435 | 100000 | 228435 |
| 2 | പൊട്ടംകുടി മൈത്രിറോഡ് കോൺക്രീറ്റിംഗ് 125/24 (വികസനഫണ്ട്) | 326936 | 100000 | 226936 |
| 3 | മന്നം സാംസ്കാരിക നിലയം പൂർത്തീകരണംറോഡ് കോൺക്രീറ്റിംഗ് 245/24 (വികസനഫണ്ട്) | 272382 | 61637 | 210745 |
| 4 | ചോലത്തടം-അമ്പലംറോഡ് കോൺക്രീറ്റിംഗ് 227/24 (വികസനഫണ്ട്) | 323189 | 160000 | 163189 |
| 5 | കുന്നോന്നി-തൊട്ടിപ്പാറ | 653307 | 400000 | 253307 |

| | | | | |
|---|---|---|---|---|
| | റോഡ്കോൺക്രീറ്റിംഗ് 109/24 (വികസനഫണ്ട് 200000+റോഡ് മെയിന്റനൻസ് ഗ്രാന്റ്200000) | | | |
| | ആകെ | 1904249 | 821637 | 1082612 |

മേൽ പറഞ്ഞ പ്രോജക്ടുകൾ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ 19.04 ലക്ഷം രൂപയുടെ ആസ്തി പഞ്ചായത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ വാർഷികകണക്കിൽ 8.21 ലക്ഷം രൂപയുടെ ആസ്തി രേഖപ്പെടുത്തിയെങ്കിലും 10.82 ലക്ഷം രൂപയുടെ ബാധ്യത രേഖപ്പെടുത്തിയിട്ടില്ല.

പൊതുമരാമത്ത് മാനവൽ പ്രകാരം പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ നിർമ്മാണം നടന്നു വരുന്ന പ്രോജക്ടുകൾക്കും മെയിന്റനൻസ് ആവശ്യമുള്ള പ്രോജക്ടുകൾക്കും തുക വകയിരുത്തിയ ശേഷം മാത്രം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്. എന്നാൽ കൂടതൽ പ്രോജക്ടുകൾ തൻവർഷം ഏറ്റെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് മേൽ സൂചിപ്പിച്ചതു പ്രകാരം പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുള്ളത് (കൂടുതൽ പ്രോജക്ടുകൾ ഏറ്റെടുത്ത് ചെയ്യുന്നതിനുള്ള ഉദ്യോഗസ്ഥ വിന്യാസമോ സാമ്പത്തിക സ്ഥിതിയോ പഞ്ചായത്തിനില്ല) .***എന്നാൽ തൻവർഷം വികസനഫണ്ടിൽ നിന്നും 26.74 ലക്ഷം രൂപ ചെലവഴിക്കാൻ കഴിയാതെ ലാപ്സായിട്ടുണ്ട്. ഇതേ സമയം തന്നെ 10.8 ലക്ഷം രൂപ തെറ്റായ പ്രോജക്ട് രൂപീകരണത്തിലൂടെ പഞ്ചായത്തിന് ബാധ്യതയും വരുത്തിയിട്ടുണ്ട്*** നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ച കരാറുകാരന് തുക പൂർണ്ണമായി നല്കാത്തതു സംബന്ധിച്ച് കരാർ വ്യവസ്ഥകളിലോ,ടെണ്ടർ നിയമാവലിയിലോ പരാമർശിച്ചിട്ടില്ല എന്നതിനാൽ ഇത്തരത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത് നിയമപരമല്ല. അപാകതയിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 15/18.06.2024) നല്കിയ മറുപടി ഖണ്ഡികയിലെ പരാമർശങ്ങൾ ഒഴിവാക്കാൻ പര്യാപ്തമല്ല.

## 1-23 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- പൊതു അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ 2023-24 വർഷം നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഫയലുകൾ പരിശോധിച്ചതിൻ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ വന്നിട്ടുള്ളതായി കാണുന്നു.

1. എഞ്ചിനീയറിംഗ് വിഭാഗത്തിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ രേഖകൾ നിലിൽ Price.3 സോഫ്റ്റ് വെയറിലും ടെണ്ടർ വിശദാംശങ്ങൾ സർക്കാർ ഇ-ടെണ്ടർ സോഫ്റ്റ് വെയറിലുമാണ് ലഭ്യമായിട്ടുള്ളത്. എന്നാൽ ഇവയുടെ ഓഡിറ്റിന് ഫയലുകൾ (Auditing Module) ലഭ്യമാക്കുന്നത് സംബന്ധിച്ച് വ്യക്തത വന്നിട്ടില്ല. ഓൺലൈൻ ഓഡിറ്റ് സാദ്ധ്യമാകുന്നതു വരെ പകർപ്പുകൾ

പരിശോധനക്ക് ലഭ്യമാക്കേണ്ടതായിരുന്നെങ്കിലും ആയവ എഞ്ചിനീയറിംഗ് വിഭാഗത്തിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പൂർണ്ണമായ പരിശോധന സാദ്ധ്യമായിട്ടില്ല. തദ്ദേശ വകുപ്പ് ചീഫ് എഞ്ചിനീയറുടെ E7/11350/2015 CE/LSGD/19-01-2017 സർക്കുലർ പ്രകാരം മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട് എഴുതി സൂക്ഷിക്കേണ്ട മിക്ക രജിസ്റ്ററുകളും എഞ്ചിനീയറിംഗ് വിഭാഗത്തിൽ ലഭ്യമല്ല.

2. സെലക്ഷൻ നോട്ടീസ് പ്രകാരം ഏറ്റെടുക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഇൻഷുറൻസ് കവറേജ് ഉറപ്പാക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. പഞ്ചായത്തിൽ 2023-24 വർഷം ഒരു പ്രവൃത്തിക്കുപോലും ഇൻഷുറൻസ് കവറേജ് ഉറപ്പാക്കാതെ പിഴ അടവാക്കിയത് നിയമത്തിന്റെ ദുർവ്യാഖ്യാനമാണ്. തുടർ വർഷങ്ങളിൽ ടെണ്ടർ നടപടികൾ തുടങ്ങുമ്പോൾ എഞ്ചിനീയറിംഗ് വിഭാഗം കാര്യക്ഷമമായ ഇടപെടൽ നടത്തേണ്ടതാണ്.

3. റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ 24.99 % വരെ ടെണ്ടർകുറവ് രേഖപ്പെടുത്തി കരാറുകാർ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. DB1/7942/2010/CE/LSGD Dt 27-11-2019 സർക്കുലർ പ്രകാരം അടങ്കൽ തുകയേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ പ്രവൃത്തികൾ ഏറ്റെടുക്കുകയാണെങ്കിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറെ വിവരം അറിയിക്കുകയും പ്രസ്തുത പ്രവൃത്തികൾ മേൽ ഉദ്യോഗസ്ഥൻ മോണിറ്റർ ചെയ്യുകയും വേണം , എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നു മാത്രമല്ല ഗുണ നിലവാരം ഉറപ്പു വരുത്തുന്നതിന്റെ (Quality Control) ഭാഗമായി റോഡ് കോൺക്രീറ്റിംഗ് സമയത്തോ , ശേഷമോ ക്ഷമതയുള്ള കേന്ദ്രങ്ങളിൽ പരിശോധനകൾ നടത്തി കരാറുകാരൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

4. ഓഡിറ്റ് വർഷം നിർമ്മാണ പ്രവൃത്തികളിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ കാര്യമായ മേൽനോട്ടം ഉണ്ടായിട്ടില്ല. ജീവനക്കാരുടെ അഭാവത്തിൽ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തേണ്ടതും റിപ്പോർട്ട് സമർപ്പിക്കേണ്ടതും ആയിരുന്നെങ്കിലും കാര്യക്ഷമമായ ഇടപെടൽ ഉണ്ടായിട്ടില്ല.

അപാകതകളിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിഷയം ഭരണസമിതി പരിശോധിക്കേണ്ടതും മരാമത്ത് പ്രവൃത്തികളിൽ ചെലവഴിച്ച തുകക്ക് ആനുപാതികമായ ആസ്തി സൃഷ്ടിക്കപ്പെട്ടു എന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-24 ലൈഫ് ഭവന പദ്ധതി- മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താവ് ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.

ലൈഫ് ഭവന പദ്ധതി എസ്.സി വിഭാഗത്തിന്റെ (പ്രോജക്ട് നം. 44/24) ഫയൽ പരിശോധിച്ചതിൽ 40000 രൂപ മുൻകൂർ കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താവിന്റെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതായി കണ്ടു.

| ഗുണഭോക്താവ് | കൈപ്പറ്റിയ തുക | തീയതി | ഫണ്ടിനം |
|---|---|---|---|
| ബേബി വി. സി, തൊടുകയിൽ, | 40000 | 3.5.2023 (ബിൽ നം. | വികസന ഫണ്ട് (എസ്.സി.പി) |

| | | | |
|---|---|---|---|
| പാതാമ്പുഴ | | 2/23-24 /3.5.2023 | |

ടി ഗുണഭോക്താവിന്റെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് തുടർ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ 21/19.6.24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ടിയാന്റെ വീടിന്റെ തറപണി പൂർത്തീകരിച്ചുവരുന്നു എന്നും തറപണി പൂർത്തിയാക്കുന്ന മുറയ്ക്ക് തുടർന്നുള്ള ഗഡുക്കൾ നൽകുന്നതാണ് എന്നും അറിയിച്ചു. ടി ഗുണഭോക്താവിന്റെ ഭവനനിർമ്മാണം പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 ലൈഫ് ഭവനപദ്ധതിയിൽ സ്ഥലം വാങ്ങിയ ഗുണഭോക്താവിന് ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടില്ല.

പ്രോജക്ട് നം. 192/24, ലൈഫ് – ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങൽ – ജനറൽ

അടങ്കൽ- 200000 രൂപ ( വികസന ഫണ്ട് ജനറൽ)

ചെലവ്- 200000 രൂപ ( ബിൽ നം. 10/23-24/ 30.6.23)

പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്തിന്റെ 2023-24 ലൈഫ് ഭവന പദ്ധതിയിൽ സ്ഥലം വാങ്ങുന്നതിന് ധനസഹായം നൽകിയ ഗുണഭോക്താവിന് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നം | ഗുണഭോക്താവ് | സ്ഥലം നൽകിയ ആൾ | അനുവദിച്ച ധനസഹായം | ബിൽ നം/ തീയതി |
|---|---|---|---|---|
| 1 | രാധാമണി പി. ആർ, പുൽപ്പുറത്ത്, ചോലത്തടം | ഇന്ദിരാഭായി ബി, ശ്രീനിലയം, പനച്ചിപ്പാറ | 200000 | 10/23-24/ 30.6.23 |

ടി ഗുണഭോക്താവിന് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കാതിരുന്നതിനുള്ള കാരണം ഓഡിറ്റിൽ വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 22/19.06.24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ഭവന നിർമ്മാണത്തിന് ആവശ്യമായ രേഖകൾ ഹാജരാക്കി കരാർ വെയ്ക്കുന്നതിന് ടിയാന് നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. ടി ഗുണഭോക്താവിന് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 ഭവന പുനരുദ്ധാരണം -മുൻകൂർ കൈപ്പറ്റിയവർ പണി പൂർത്തിയാക്കിയിട്ടില്ല.

പ്രോജക്ട് നം. 37/24 (ഭവന പുനരുദ്ധാരണം അതിദാരിദ്ര്യ പട്ടികയിൽ ഉൾപ്പെട്ടവർ )

അടങ്കൽ- 200000 രൂപ (വികസന ഫണ്ട്)

ചെലവ്- 150000 രൂപ

നിർവ്വഹണോദ്യോഗസ്ഥൻ- വി.ഇ.ഒ, പൂഞ്ഞാർ തെക്കേക്കര

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത മേൽ പ്രോജക്ട് പ്രകാരം താഴെ ചേർക്കുന്ന ഗുണഭോക്താവിന് മുൻകൂർ അനുവദിച്ചിട്ടുണ്ട്.

| ഗുണഭോക്താവ് | മുൻകൂർ നൽകിയ തുക | ബിൽ നം/ തീയതി |
|---|---|---|
| സുനിത ജോബി, വാതല്ലൂർ, മന്നം ചോലത്തടം | 50000 | 22/23-24 /12.9.2023 |

ടി ഗുണഭോക്താവിന്റെ വീടിന്റെ മെയിന്റനൻസ് പ്രവൃത്തികൾ പൂർത്തിയാക്കി ഫൈനൽ ഗഡു കൈപ്പറ്റിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 23/19.6.24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ടി വീടിന്റെ മെയിന്റനൻസ് പ്രവൃത്തികൾ നടന്നുവരുന്നു എന്ന് അറിയിച്ചു. ടിയാളുടെ വീടിന്റെ മെയിന്റനൻസ് പ്രവൃത്തികൾ പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നത് വരെ 50000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-27 ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോനിട്ടറിംഗ് സിസ്റ്റം നടപ്പാക്കൽ- പൂർത്തിയാക്കിയിട്ടില്ല.**

പ്രോജക്ട് നം. 214/24
അടങ്കൽ- 204900 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ്- 204900 രൂപ
നിർവ്വഹണോദ്യോഗസ്ഥൻ- വി.ഇ.ഒ, പെരിങ്ങുളം
ഹരിതമിത്രം ആപ്പ് വഴി ഹരിതകർമ്മ സേനയുടെ പ്രവർത്തനം ഡിജിറ്റൽ സംവിധാനത്തിലേക്ക് മാറ്റുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത്. ഗ്രാമ പഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് മോനിട്ടറിംഗ് സിസ്റ്റം നടപ്പാക്കുന്നതിനായി 204900 രൂപ താഴെ പറയും പ്രകാരം കെൽട്രോണിന് നൽകിയിട്ടുണ്ട്.

| വൗച്ചർ നം/തീയതി | തുക |
|---|---|
| XVFC/23-24 /P/26/31.10.23 | 61470 |
| XVFC/23-24 /P/27/1.11.23 | 61417 |
| XVFC/23-24 /P/29/12.11.23 | 61523 |
| XVFC/23-24 /P/32/20.11.23 | 20490 |
| ആകെ | 204900 |

കെൽട്രോണിൽ നിന്നും താഴെപ്പറയുന്ന 2 പ്രൊഫോർമ ഇൻവോയിസുകൾ ലഭ്യമാക്കിയിട്ടുണ്ട്.

| ഇൻവോയിസ് | തുക | ഇനം |
|---|---|---|

| | | |
|---|---|---|
| നം/ തീയതി | | |
| SGMS-A/2817 /23-24/ 12.7.23 | 62000 | ക്യൂ ആർ കോഡ് പ്രിന്റിംഗ് ചാർജ്, ലാപ് ടോപ് |
| SGMS/748 /23-24/ 12.7.23 | 142900 | സർവ്വീസ് ചാർജ്, എസ്.എം.എസ് ചാർജ് |
| ആകെ | 204900 | |

സ്മാർട്ട് ഗാർബേജ് മോനിട്ടറിംഗ് സിസ്റ്റം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 24/19.6.24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറപടി ലഭ്യമാക്കിയതിൽ കെൽട്രോണിൽ നിന്നും 5000 ക്യൂ ആർ കോഡുകളും ലാപ് ടോപ്പും ലഭിച്ചിട്ടുണ്ടെന്നും ഹരിതമിത്രം ആപ്പ് വഴി സേവനം ചെയ്ത് വരുന്ന എന്നും അറിയിച്ചു. 13000 ക്യൂ ആർ കോഡുകൾക്കുള്ള വിലയായി 12000 രൂപയാണ് കെൽട്രോണിന് നൽകിയിട്ടുള്ളത്. എന്നാൽ 5000 ക്യൂ ആർ കോഡുകൾ മാത്രമാണ് കെൽട്രോണിൽ നിന്നും ലഭിച്ചിട്ടുള്ളത്. ബാക്കി 8000 ക്യൂ ആർ കോഡുകളുടെ വിലയായ 7385/- രൂപ (12000/13000x8000) കെൽട്രോണിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-28 ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ പദ്ധതി - മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

2023-24 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ - ഹോമിയോ നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ എന്ന പദ്ധതിയ്ക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും മരുന്ന പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് /നം | ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ / S011/23-24 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , ഗവ. ഹോമിയോ ഡിസ്പെൻറി, പൂഞ്ഞാർ തെക്കേക്കര |
| അടങ്കൽ തുക | 250000/- (മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| ചെലവഴിച്ച തുക | 250000/- |
| ബിൽ നം./തീയ്യതി | 1/2023-24/19.12.23 |

മേൽ വിവരിച്ച പദ്ധതി പ്രകാരം 250000/- രൂപ മരുന്ന വാങ്ങുന്നതിനായി ഹോംകോയ്ക്ക് 19.12.23 ൽ നൽകിയിട്ടുണ്ട്. നാളിതുവരെ 2,08,318/- രൂപയ്ക്കുള്ള മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്.

ഇനിയും 41,682/- രൂപയുള്ള മരുന്നുകൾ കൂടി ലഭ്യമാകുവാനുണ്ട്. മരുന്നുകൾ ലഭ്യമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 04/15.06.24) മറുപടിയായി മരുന്നുകൾ മുഴുവനും ലഭ്യമായിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കുന്നതുവരെ 41,682 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-29 വിനിയോഗവിവരം ലഭ്യമല്ല**

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24 വർഷം നടപ്പാക്കിയ താഴെപറയുന്ന ഫണ്ട് കൈമാറൽ/ നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണസാക്ഷ്യപത്രം/വിനിയോഗ വിവരം ലഭ്യമായില്ല.

| ക്ര നം | പ്രോജക്ട്/നംപർ | ഫണ്ടിനം | തുക | ഏജൻസി | ബിൽ നം./തീയതി |
|---|---|---|---|---|---|
| 1 | വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം 155/23-24 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 115547/- | ഭൂജലവകുപ്പ് | 311/15.02.2024 |
| 2 | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ 104/23-24 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 100000/- | KSEB | 271/23.01.2024 |
| | ആകെ | | 215547/- | | |

പൂർത്തീകരണസാക്ഷ്യപത്രം/വിനിയോഗ വിവരം ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/18.06.2024) പദ്ധതികൾ നിലവിൽ പൂർത്തീകരിച്ചിട്ടില്ല എന്ന് അറിയിച്ചു. പൂർത്തീകരണ/വിനിയോഗ വിവരം ലഭ്യമാക്കുന്നതുവരെ 215547/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആയവ ഹാജരാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്.

**1-30 അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ടെണ്ടർ ഫീസ് സൂക്ഷിക്കുന്നത് സംബന്ധിച്ച്**

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ SBI ഈരാറ്റുപേട്ടയിലുള്ള 686002949 നമ്പർ അക്കൗണ്ടിൽ 11-6-2024 ൽ 246105.50 രൂപ നീക്കിയിരിപ്പുണ്ട്. വിവിധ പ്രോജക്ടുകളുടെ നികുതി വിഹിതങ്ങൾ അടക്കാനുള്ളതും പ്രോജക്ടുകളുടെ ടെണ്ടർ ഫീസ് അക്കൗണ്ടിൽ വന്നതുമാണ് നീക്കിയിരിപ്പ് തുക. ടെണ്ടർ ഫീസ് പഞ്ചായത്ത് തനത് ഫണ്ടായതിനാൽ ഈ ഇനത്തിലുള്ള വരവ് കണക്കാക്കി സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതും നികുതി വിഹിതങ്ങൾ യഥാസമയം നിശ്ചിത ശീർഷകങ്ങളിൽ അടക്കേണ്ടതുമാണ്.

**1-31 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം**

## ഹരിത കർമ്മ സേനയിലൂടെ

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന മിഷന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിച്ചിരിക്കുന്നത്. ഹരിത കേരള മിഷൻ, കുടുംബശ്രീ, പൊലൂഷൻ കൺട്രോൾ ബോർഡ്, ക്ലീൻ കേരള കമ്പനി എന്നിവ സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയാണ് ഈ പദ്ധതി പ്രാവർത്തികമാക്കുന്നത്. കേരള സർക്കാർ നടപ്പാക്കുന്ന ഹരിത കേരള മിഷൻ പദ്ധതിയുടെ ഭാഗമായി 2017 ഒക്ടോബർ മാസത്തിലാണ് കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ ഹരിത കർമ്മ സേനാരൂപീകരണം നടന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശുചിത്വ - മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന ഈ സംഘടനാ സംവിധാനം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനം നിശ്ചയിച്ച യൂസർഫീ വാങ്ങി പ്രധാനമായും അജൈവ മാലിന്യത്തിന്റെയും ചിലയിടങ്ങളിൽ ജൈവ മാലിന്യത്തിന്റെയും വാതിൽപ്പടി ശേഖരണം നടത്തുന്നു. ഹരിതകർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച 15/07/2017 ലെ 2420/2017/തസ്വഭവ ഉത്തരവിൽ പറയും പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവമാലിന്യം ശേഖരിച്ച്, സംഭരിച്ച് റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറലും അതിനൊക്കെ സഹായകരമാകുന്ന വിധത്തിൽ പ്രവർത്തിച്ച് കേരളത്തെ മാലിന്യമുക്തമാക്കുകയെന്നതാണ് ഹരിതകർമ്മസേനയുടെ പ്രഥമലക്ഷ്യം.

കോട്ടയം ജില്ലയിലെ മലയോര മേഖലയിൽ ഉൾപ്പെട്ട പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്തിൽ മാലിന്യ നിർമ്മാർജ്ജനമേഖലയിൽ സർക്കാർ നിർദ്ദേശാനുസരണം രൂപീകരിച്ചിട്ടുള്ള സംവിധാനങ്ങളും, അവയിലൂടെ അനിവാര്യചുമതലകളുടെ ഭാഗമായും വാർഷിക പദ്ധതികളുടെ ഭാഗമായും മാലിന്യസംസ്കരണം/നിർമ്മാർജ്ജനം ലക്ഷ്യമാക്കി നടപ്പാക്കിയിട്ടുള്ള വിവിധ പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളുടേയും നേരിട്ടുള്ള പരിശോധനയുടേയും അടിസ്ഥാനത്തിൽ അവലോകനം ചെയ്തതിൽ ബോധ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു .

## ഹരിതകർമ്മസേനയെ സംബന്ധിച്ച അടിസ്ഥാനവിവരങ്ങൾ

| വാർഡ് | വീടുകൾ | സ്ഥാപനങ്ങൾ/കടകൾ | ഹരിത കർമ്മസേന അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | 430 | 170 | 2 |
| 2 | 300 | 9 | 0 |
| 3 | 285 | 20 | 2 |
| 4 | 245 | 25 | 2 |
| 5 | 197 | 13 | 2 |

| | | | |
|---|---|---|---|
| 6 | 305 | 5 | 2 |
| 7 | 191 | 17 | 2 |
| 8 | 280 | 14 | 2 |
| 9 | 274 | 29 | 2 |
| 10 | 225 | 14 | 2 |
| 11 | 219 | 7 | 2 |
| 12 | 300 | 8 | 2 |
| 13 | 340 | 27 | 2 |
| 14 | 280 | 9 | 2 |

പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ രേഖകൾ പ്രകാരം 14 വാർഡുകളിലായി ആകെ ജനസംഖ്യ 17558 ആണ്. വിവിധ വാർഡുകളിലായി 3871 താമസക്കാരുള്ള വീടുകളും 357-ഓളം സ്ഥാപനങ്ങളും നിലവിൽ ഉണ്ട്. ഒരു വാർഡിൽ നിന്നും രണ്ട് പേർ വീതം ഹരിത കർമ്മ സേനയിൽ ഉണ്ട്. നിലവിൽആകെ സേനാംഗങ്ങളുടെ എണ്ണം 26 ആണ്. അജൈവ മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണമാണ് നടപ്പിലാക്കിയിരിക്കുന്നത്. രണ്ടാം വാർഡിൽ നിലവിൽ ഹരിത കർമ്മ സേനാംഗങ്ങൾ ഇല്ല. പഞ്ചായത്തിൽ നിലവിൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമായി നടന്നു വരുന്നുണ്ടെന്ന് ഫയലുകളിൽ നിന്നും ബോധ്യപ്പെട്ടു. ഹരിത കർമ്മ സേനയുടെ പ്രവർത്തനഫലമായി മികച്ച രീതിയിൽ മാലിന്യ ശേഖരണം നടത്തി പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള ബോട്ടിൽ ബൂത്തുകൾ, മിനി എംസിഎഫുകൾ എന്നിവിടങ്ങളിലേക്ക് എത്തിക്കുകയും അവിടെ നിന്നും മെയിൻ എംസിഎഫിലേക്കെത്തിച്ച് അവിടെ നിന്നും ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുകയുമാണ് ചെയ്യുന്നത്.

<u>മാലിന്യ ശേഖരണ പ്രവർത്തനങ്ങൾ</u>

മാലിന്യ ശേഖരണത്തിനായി മുൻകൂട്ടി കലണ്ടർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ജന സാന്ദ്രത കുറവും മലയോര മേഖലയായതിനാലും ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത മൂലം കലണ്ടർ പ്രകാരമുള്ള മാലിന്യ ശേഖരണം നടക്കുന്നില്ല. എങ്കിലും കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളേയും സ്ഥാപനങ്ങളേയും ഹരിതകർമ്മസേനയുടെ പ്രവർത്തനപരിധിയിൽ കൊണ്ട് വരുന്നതിന് ഊർജ്ജിത ശ്രമങ്ങൾ നടന്നു വരുന്നു. മാലിന്യ ശേഖരണം കൃത്യമായി നടക്കുന്നുണ്ട് എന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്.

<u>മാലിന്യം വേർതിരിക്കൽ</u>

ശേഖരിക്കുന്ന അജൈവമാലിന്യത്തിന്റെ 100% ഉറവിടത്തിൽ തരം തിരിച്ച് സൂക്ഷിക്കുന്നുണ്ട്. പാതയോരങ്ങൾ പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നിന്ന് ശേഖരിക്കുന്ന ലഗസി മാലിന്യങ്ങൾ 50% തരം തിരിച്ചും ബാക്കിയുള്ളവ തരം തിരിക്കാതെയും ക്ലീൻ കേരളക്ക് നൽകുന്നു. പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ ഒന്നും തന്നെ നിലവിൽ പഞ്ചായത്തിൽ ഇല്ല.

<u>സാമൂഹിക അവബോധം സൃഷ്ടിക്കൽ</u>

മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ഹരിതകർമ്മ സേനയുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. 2023-24 വർഷത്തിൽ നാലോളം ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. എല്ലാ മാസവും ഹരിത കർമ്മസേനാംഗങ്ങളുടെ അവലോകന യോഗവും വിളിക്കുന്നുണ്ട്.

**<u>തൊഴിൽ സൃഷ്ടിക്കൽ</u>**

14 വാർഡുകളിലായി നിലവിൽ ആകെ ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണം 26 ആണ്. മലയോര മേഖലയിൽ ഉൾപ്പെട്ട പഞ്ചായത്തിലെ ഭൂരിഭാഗം വാർഡുകളും ഉയർന്ന പ്രദേശങ്ങൾ ആയതിനാൽ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത മൂലം ഹരിത കർമ്മ സേനാംഗങ്ങൾക്ക് കലണ്ടർ പ്രകാരമുള്ള മാലിന്യ ശേഖരണം നടത്താൻ സാധിക്കുന്നില്ല. മാത്രമല്ല ഭൂരിഭാഗവും സാധാരണക്കാർ അധിവസിക്കുന്ന പ്രദേശമായതിനാൽ ആളുകൾ എല്ലാ മാസവും യൂസർ ഫീ നൽകാൻ തയ്യാറാകുന്നില്ല. ഒന്നിടവിട്ട മാസങ്ങളിൽ മാത്രമേ യൂസർ ഫീ വീടുകളിൽ നിന്ന് ലഭിക്കുന്നുള്ളൂ. ഹരിത കർമ്മ സേന അംഗങ്ങൾക്ക് പരമാവധി ഒരു മാസം 3500/-രൂപ ശരാശരി വരുമാനം മാത്രമേ ലഭിക്കുന്നുള്ളൂ. കുറഞ്ഞ വേതനം കാരണം സേനാംഗങ്ങളുടെ കൊഴിഞ്ഞു പോക്ക് സാധാരണമാണ് മാത്രമല്ല പുതിയ ആളുകൾ ഇതിലേക്ക് വരാൻ തയ്യാറാകുന്നുമില്ല. ഹരിത കർമ്മ സേനാംഗങ്ങൾക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഉപയോഗിക്കുന്നില്ല.

**<u>അടിസ്ഥാന സൗകര്യങ്ങൾ</u>**

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് നിലവിൽ എം.സി.എഫ് പ്രവർത്തിക്കുന്നത്. എം.സി.ഫി നോട് ചേർന്ന് ഹരിത കർമ്മസേനക്ക് ഓഫീസ് സൗകര്യം ഒരുക്കിയിട്ടുണ്ട് എങ്കിലും പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കിയിട്ടില്ല. ഹരിത കർമ്മസേനക്ക് 2022-23 സാമ്പത്തിക വർഷത്തിൽ സി.എഫ്.സി ടൈഡ് ഫണ്ട് ഉപയോഗിച്ച് ഇലക്ട്രിക്ക് ഓട്ടോ/പിക്ക് അപ്പ് വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ ഹരിത കർമ്മസേനാംഗങ്ങൾ ആരും തന്നെ ഡ്രൈവിംഗ് പരിശീലനം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ മാലിന്യം ശേഖരിക്കുന്ന ദിവസങ്ങളിൽ മാത്രം ഡ്രൈവറെ താത്ക്കാലികമായി ഉപയോഗിച്ചുവരുന്നു. നിലവിൽ ഡ്രൈവറുടെ വേതനം തനതു ഫണ്ടിൽ നിന്നാണ് നൽകി വരുന്നത്. ഹരിത മിത്രം ആപ്പ് ഉപയോഗിക്കുന്നതിനും വീടുകളിൽ ക്യൂആർ കോഡ് പതിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് "ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിട്ടറിംങ്ങ് സിസ്റ്റം " പദ്ധതിയിൽ കെൽട്രോണിന്റെ നേതൃത്വത്തിൽ ഹരിത കർമ്മസേനാംഗങ്ങൾക്ക് 05/12/2023 തീയ്യതിയിൽ പരിശീലനം നൽകുകയും ഓഫീസിലേക്ക് ലാപ്ടോപ്പ് വാങ്ങി നൽക്കുകയും ചെയ്തിട്ടുണ്ട്. വീടുകളിൽ ക്യൂആർ കോഡ് പതിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തീയായിവരുന്നു. ബെയിലിംഗ് മെഷിൻ എം.സി.എഫി ൽ സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടെങ്കിലും ഇതുപയോഗിച്ച് തുടങ്ങിയിട്ടില്ല. മെഷീൻ പ്രവർത്തിപ്പിക്കാൻ ഹരിതകർമ്മ സേനാംഗങ്ങൾക്ക് പരിശീലനം നൽകിയിട്ടില്ല.

**<u>പാരിസ്ഥിതിക ആഘാതം</u>**

മലയോര മേഖലയിൽ ഉൾപ്പെട്ട പ്രദേശമായതിനാലും ജനസാന്ദ്രത കുറവായതിനാലും

പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ വൻതോതിൽ മാലിന്യം നിക്ഷേപിക്കപ്പെടുന്നില്ല. എങ്കിലും 2023-24 വർഷത്തിൽ അനധികൃതമായി പഞ്ചായത്ത് പ്രദേശത്ത് മാലിന്യം തള്ളിയ 6 പേർക്ക് നോട്ടീസ് നൽകുകയും 6500/-രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

**MCF/RRF (Material Collection Fecility/Resource Recovery Facility**

പഞ്ചായത്തിനോടനുബന്ധിച്ച് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഇരു നിലകളിലായി 720 ച. അടി വിസ്തൃതിയുള്ള കെട്ടിടത്തിലാണ് നിലവിൽ എം.സി.എഫ് പ്രവർത്തിക്കുന്നത്. റോഡ് സൗകര്യമുണ്ട്. സ്ഥല പരിമിതിയുണ്ടെങ്കിലും ഓഫീസ്, മെഷിനറി എരിയ(ബെയിലിംഗ് യൂണിറ്റ് ), സ്റ്റോറേജ്, ടിപ്പിംഗ് എരിയ, എന്നിവ ഇതിൽ ഉൾപ്പെടുന്നു. ശുചിമുറി പ്രവർത്തന ക്ഷമമാക്കിയിട്ടില്ല. ബെയിലിംഗ് യൂണിറ്റ്(മെഷിനറി), ശുചിമുറി എന്നിവ ആകെ വിസ്തൃതിയുടെ 20%, ടിപ്പിംഗ് എരിയ & സോർട്ടിംഗ് എരിയ 30%, സ്റ്റോറേജ് എരിയ 50%, എന്ന രീതിയിലാണ് എം.സി.എഫിന്റെ ആകെ സ്ഥലം ഉപയോഗിച്ചിട്ടുള്ളത്. അഗ്നി സുരക്ഷാ സംവിധാനം, കുടിവെള്ളം, മാസ്ക്, ഗ്ലൌസ്സ് തുടങ്ങിയ സംവിധാനങ്ങൾ എർപ്പെടുത്തിയിട്ടുണ്ട്. എം.സി.എഫും പരിസരവും വൃത്തിയായി സൂക്ഷിച്ചിട്ടുണ്ട്. 14 വാർഡുകളിലായി 28 മിനി എം.സി.എഫുകളും സ്ഥാപിച്ചിട്ടുണ്ട്. എങ്കിലും ശേഖരിക്കുന്ന മാലിന്യം സൂക്ഷിക്കാൻ ഇവ പര്യാപ്തമല്ല.



<u>മാലിന്യ കൈമാറ്റം</u>

തരം തിരിച്ച് സൂക്ഷിച്ചിരിക്കുന്ന മാലിന്യം കൃതമായ ഇടവേളകളിൽ ക്ലീൻ കേരള കമ്പനി കൊണ്ടു പോകുന്നില്ല. ഇത് ഹരിതകർമ്മ സേനക്ക് വെല്ലുവിളിയാവുന്നു. സ്ഥല പരിമിതി മൂലം അധിക മാലിന്യം തരം തിരിച്ച് സൂക്ഷിക്കാൻ ബുദ്ധിമുട്ട് നേരിടേണ്ടിവരുന്നു.



<u>ഹരിത കർമ്മസേന നേരിടുന്ന പ്രധാന വെല്ലുവിളികൾ</u>

ഭൂപ്രകൃതിയനുസരിച്ച് ഭൂരിഭാഗം പ്രദേശങ്ങളും മലയോര മേഖലയിലുൾപ്പെടുന്നതിനാലും ജനസാന്ദ്രത കുറവായതിനാലും ഹരിതകർമ്മസേനാംഗങ്ങൾക്ക് കലണ്ടർ പ്രകാരം മാലിന്യ ശേഖരണം നടത്താൻ പ്രയാസം നേരിടുന്നു. യൂസർ ഫീ ലഭിക്കുന്നതിലെ കുറവു മൂലം ജോലിക്കനുസരിച്ച് മതിയായ വേതനം ലഭ്യമാകുന്നില്ല. ആയതിനാൽ പലരും കൊഴിഞ്ഞു പോകുന്നു. എന്നിരുന്നാലും പഞ്ചായത്തിൽ ഹരിതകർമ്മസേന മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് ബോധ്യപ്പെട്ടു.

## <u>ഭാഗം -2</u>

## <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

<u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

ഇല്ല.

## <u>ഭാഗം -3</u>

## <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

<u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

ഇല്ല.

## <u>ഭാഗം -4</u>

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

### <u>4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം</u>

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2023-24 | 15.06.2024 |

ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക ധനകാര്യപത്രിക എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി നിയമപരമായ സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം

അനുബന്ധം-1 ആയി നല്കിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2024-ലെ ബാലൻസ് ഷീറ്റ് എന്നിവ യഥാക്രമം അനുബന്ധം-3, 4, 5 ആയി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2023-24 വർഷം സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടിന്റെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് (നം.) | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 100000 | സ്ഥിരം കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി (10/24) | 100000 | 0 |
| | | 100000 | പാലിയേറ്റീവ് കെയർ (138/24) | 100000 | 00 |
| | | 270000 | ലൈഫ് ഭവന പദ്ധതി - എസ് സി (44/24) | 270000 | 0 |
| | | 60000 | ലൈഫ് ഭവന പദ്ധതി - എസ് റ്റി (190/24) | 60000 | 0 |
| | | 281610 | ലൈഫ് ഭവന പദ്ധതി - ജനറൽ (41/24) | 281610 | 0 |
| | | 331100 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (17/24) | 331100 | 0 |
| | | 150000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (56/24) | 150000 | 0 |
| **ആകെ** | | 1292710 | **ബ്ലോക്ക് പഞ്ചായത്ത് വിഹിതം** | 1292710 | 0 |
| കോട്ടയം ജില്ലാ | 2023-24 | 1280000 | ലൈഫ് ഭവന പദ്ധതി - എസ് സി (44/24) | 1280000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | 640000 | ലൈഫ് ഭവന പദ്ധതി എസ് റ്റി (190/24) | 640000 | 0 |
| | | 280000 | ലൈഫ് ഭവന പദ്ധതി - ജനറൽ (41/24) | 280000 | 0 |
| | | 47748 | അംഗനവാടി അനുപൂരക പോഷകാഹാര പരിപാടി (20/24) | 47748 | 0 |
| | | 100000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (17/24) | 100000 | 0 |
| | | 6238320 | ജലജീവൻ പദ്ധതി പ്രധാന വാട്ടർ ടാങ്കിനുള്ള സ്ഥലം വാങ്ങൽ (223/24) | 6238320 | 0 |
| **ആകെ** | | 8586068 | **ജില്ലാ പഞ്ചായത്ത് വിഹിതം** | **8586068** | 0 |

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ വിവിധ പ്രവൃത്തികൾക്കായി തുകകൾ നിർവഹണ ഏജൻസികളിൽ നിക്ഷേപിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുളള തുക |
|---|---|---|---|---|
| കെഎസ്ഇബി | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ (പ്രൊജക്ട് നം.104/24) | 100000 | 0 | 100000 |
| ഭൂജല വകുപ്പ് | വിവിധ വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണം (പ്രൊജക്ട് നം.155/24) | 115547 | 0 | 115547 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | 2023-24ൽ മുതലിലേക്ക് തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|
| ലൈഫ് ഭവനപദ്ധതിയ്ക്ക് വേണ്ടി KURDFC യിൽ നിന്നും അനുവദിച്ച ലോൺ | 8191658 | 0 | 1252341 | 6939317 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | അനുബന്ധം-3 | വസ്തു നികുതി പരിഷ്കരണ നടപടികൾക്ക്ആധികാരിക സ്ഥിരീകരണമില്ല. | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

| | | | | | |
|---|---|---|---|---|---|
| 2015-16 | 2-4 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | " |
| 2020-21 | 1-12 | 2021-22 | അനുബന്ധം-1 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നത് | " |

## 4-9 ചാർജ്ജ്/ സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ചാർജ്ജ്/ സർചാർജ്ജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ (റസീപ്റ്റ് &പെയ്മെന്റ് പ്രകാരം) | : 47387791/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് &പെയ്മെന്റ് പ്രകാരം) | : 38938286/- |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 307229 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 50,000/- | ജോബി സെബാസ്റ്റ്യൻ, VEO, പൂഞ്ഞാർ തെക്കേക്കര |
| 1-28 | 41,682/- | ഡോ. ജോസ്സി ജോൺ, മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1-29 | 2,15,547/- | റ്റിജി തോമസ്, സെക്രട്ടറി |

| | | |
|---|---|---|
| ആകെ | 307229/- | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

**<u>1-16</u>**

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടങ്ങൾ പ്രകാരം ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

**<u>4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം</u>**

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്ന് പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിയ്ക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00,2000-01, 2001-02 | എൽ.എഫ്.കെ.പി7/910/03/ 11.05.04 | - |
| 2003-04 (ചെലവ്) | കെ.എസ്.എ- കെ.ടി.എം-പി.14 (അദാ2018)/206(4), 28.02.2018 | 01 |
| 2006-07 | കെ.എസ്.എ- കെ.ടി.എം-പി14 (അദാ2022) 1864(2)/22, 25.08.2022 | 02 |
| 2008-09 | കെ.എസ്.എ- കെ.ടി.എം-പി2/ 1311/13, 24.10.2013 | 06 |
| 2010-11 | കെ.എസ്.എ- കെ.ടി.എം-പി14 (അദാ2022)/ 1864(4)/22, 25.08.2022 | 04 |
| 2013-14 & 2014-15 | കെ.എസ്.എ- | 01 |

| | | |
|---|---|---|
| | കെ.ടി.എം-പി14 (അദാ2022)/ 1864(6)/22, 25.08.2022 | |
| 2016-17 | കെ.എസ്.എ-കെ.ടി.എം-പി14 (അദാ2022)/1342/22, 25.08.2022 | 02 |
| 2017-18 | കെ.എസ്.എ-കെ.ടി.എം-പി14. 303/19, 14.10.2019 | 16 |
| 2018-19 | കെ.എസ്.എ-കെ.ടി.എം-പി14 (അദാ2022)/1343/22, 25.08.2022 | 05 |
| 2019-20 | കെ.എസ്.എ-കെ.ടി.എം-പി.14/ 1290/21, 02.06.22 | 10 |
| 2020-21 | കെ.എസ്.എ-കെ.ടി.എം-പി.14/ 1291/21, 23.07.22 | 15 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി- 14/ 2598/22 /20.07.23 | 31 |
| 2022-23 | കെ.എസ്.എ-കെ.ടി.എം.പി- 14/ 1702/23 /11.03.24 | 22 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ ഖണ്ഡികകൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 3 dated 3 dated 14-05-2024 and submitted on 17-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Poonjar Thekkekkara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Poonjar Thekkekkara Grama Panchayat as on 31-03-2024

**Date: 19/08/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Poonjar Thekkekkara Grama Panchayat for the Year 2023-2024.

### 1.Major Observations

1. Documents for verification of Panchayath general fund not provided. Source Data not available for the value of total general fund as on 31/03/2024.
2. Non Disclosure of Assets. Assets not classified, valuated and accounted-Asset Register has not

updated.

3. Documents for verification of capital contribution accounted not provided. Captal contribution opening balance details, fundwise capital contriobution of current year are not available.

## 2.Other Observations

1. Government/Other dues register not maintained to substantiate financial statements.
2. Deposit register has not maintained properly. Details of Auction deposit is not provided in the Register.
3. Advance register is not maintained properly. Amount paid in previous years under the head advance to Implementing Officers not adjusted. There are no details provided in the register regarding the amount.
4. Advance to Saksharata prerak not accounted in concerned account head.
5. One of the three bank accounts for Health Grant and another account for MGNREGS is not included in Financial statement.
6. Contingent expenses are not accounted on the exact account head.
7. Details of unspent contribution from Block Panchayath, remaining upto 31/03/2024 is not available in the 2023-24 Appropriation Control Register.
8. Details of the opening balance of Specific purpose grants not available in the 2023-24 Appropriation Control Register.

**Deputy Director**
**District Office Kottayam**
**Kerala State Audit Department**

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021 /തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്